2026
JUNE
10
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# ഗ്രേറ്റ്നിക്കോബാറിൽ 13,000 കോടിയുടെ ഗ്രീൻഫീൽഡ് വിമാനത്താവളം വരുന്നു

**ന്യൂഡൽഹി:** ഗ്രേറ്റ് നിക്കോബാറിലെ 81,000 കോടി രൂപയുടെ മെഗാ പ്രോജക്റ്റിനെച്ചൊല്ലി രാഷ്ട്രീയ പോര് മുറുകുന്നതിനിടെ നിർണ്ണായക ചുവടുവെപ്പുമായി കേന്ദ്ര സർക്കാർ. നിലവിലുള്ള ഐ.എൻ.എസ്. ബാസ് നാവിക താവളം വികസിപ്പിക്കുന്നതിന് പകരം, 13,000 കോടി രൂപയുടെ തികച്ചും പുതിയൊരു ഗ്രീൻഫീൽഡ് സിവിൽമിലിട്ടറി എയർപോർട്ട് നിർമ്മിക്കാനാണ് ഭരണകൂടത്തിന്റെ തീരുമാനം. ഗലാത്തിയ ബേയ്ക്ക് അടുത്തുള്ള ചിങ്കൻ മേഖലയിലാണ് പ്രതിരോധയാത്രാ ആവശ്യങ്ങൾക്കായുള്ള ഈ സംയുക്ത വ്യോമതാവളം യാഥാർത്ഥ്യമാവുകയെന്നാണ് പുറത്തുവരുന്ന വിവരങ്ങൾ.



ഗ്രേറ്റ് നിക്കോബാർ ഐലൻഡ് ഡെവലപ്മെന്റ് പ്ലാനിന്റെ മുഖ്യ ആകർഷണമായ ഈ വിമാനത്താവളം വരുന്നത് തന്ത്രപ്രധാനമായ ലൊക്കേഷനിലാണ്. ഇന്ത്യൻ മഹാസമുദ്രത്തിലെ ഏറ്റവും തിരക്കേറിയ അന്താരാഷ്ട്ര കപ്പൽപ്പാതയായ മലാക്ക കടലിടുക്കിനോട് ചേർന്നു കിടക്കുന്നു എന്നത് ഇതിന്റെ പ്രാധാന്യം ഇരട്ടിയാക്കുന്നു. യുദ്ധവിമാനങ്ങൾക്കും സിവിലിയൻ സർവീസുകൾക്കും ഒരുപോലെ റൺവേയൊരുക്കുന്ന ഈ വിമാനത്താവളം, മേഖലയിലെ ഇന്ത്യയുടെ നിരീക്ഷണക്കണ്ണുകളും സൈനിക മേധാവിത്വവും ശക്തമാക്കാൻ സഹായിക്കുമെന്നാണ് വിലയിരുത്തൽ. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന ഈ എയർപോർട്ടിന്റെ പൂർണ്ണ നിയന്ത്രണം ഇന്ത്യൻ നാവികസേനയ്ക്കായിരിക്കും.

കാംബെൽ ബേയിലുള്ള ഐ.എൻ.എസ്. ബാസിന്റെ നിലവിലെ 4,500 അടി റൺവേ 10,000 അടിയായി നീട്ടുന്നതിലെ പ്രായോഗിക തടസ്സങ്ങളാണ് പുതിയൊരു ഗ്രീൻഫീൽഡ് എയർപോർട്ട് എന്ന ആശയത്തിലേക്ക് സർക്കാരിനെ എത്തിച്ചത്. ഭൂപ്രകൃതിയിലെ കടുത്ത വെല്ലുവിളികളും അടിസ്ഥാന സൗകര്യ വികസനത്തിലെ സാങ്കേതിക ബുദ്ധിമുട്ടുകളും കാരണം പഴയ റൺവേ നീട്ടുന്നത് ദുഷ്കരമാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. കൂടാതെ, നിലവിലെ താവളം വികസിപ്പിക്കുന്നത് തദ്ദേശീയ ആദിവാസികളുടെ ആവാസവ്യവസ്ഥയ്ക്കും വനമേഖലയ്ക്കും പുതിയ പ്രോജക്റ്റിനേക്കാൾ വലിയ ആഘാതമുണ്ടാക്കുമെന്നും വ്യക്തമായിട്ടുണ്ട്. വിമാനത്താവളത്തിന് പുറമെ ട്രാൻസ്ഷിപ്പ്മെന്റ് പോർട്ട്, പവർ പ്ലാന്റ്, അത്യാധുനിക ടൗൺഷിപ്പ് എന്നിവയടങ്ങുന്ന 81,000 കോടിയുടെ ഗ്രേറ്റ് നിക്കോബാർ വികസന പാക്കേജിന്റെ പ്രധാന തൂണുകളിലൊന്നാണിത്. മലാക്ക കടലിടുക്കിന് കാവലൊരുക്കി കിഴക്കൻ ഇന്ത്യൻ മഹാസമുദ്രത്തിൽ ഇന്ത്യയുടെ പ്രതിരോധ കോട്ട ശക്തിപ്പെടുത്താൻ ഈ പദ്ധതി വഴി സാധിക്കും.

പരിസ്ഥിതി അനുമതികളിലെ അപാകതകൾ, സാമ്പത്തിക സുതാര്യത കുറവ്, ഗോത്രവർഗ്ഗക്കാരുടെ അവകാശ ലംഘനം എന്നിവ ചൂണ്ടിക്കാട്ടി കോൺഗ്രസ് ഈ പദ്ധതിക്കെതിരെ വലിയ പ്രതിഷേധം ഉയർത്തി ദിവസങ്ങൾക്കകമാണ് വിമാനത്താവളം സംബന്ധിച്ച പുതിയ നീക്കം പുറത്തുവരുന്നത്. ഈ വിഷയത്തിൽ പാർലമെന്റിൽ അടിയന്തര ചർച്ച വേണമെന്നും പ്രതിപക്ഷം ആവശ്യപ്പെടുന്നുണ്ട്. എന്നാൽ, ചൈനയുടെ കടന്നുകയറ്റ ശ്രമങ്ങളെ ചെറുക്കാനും രാജ്യത്തിന്റെ അതിർത്തി മേഖലകളിലേക്ക് തടസ്സമില്ലാത്ത കണക്റ്റിവിറ്റി ഉറപ്പാക്കാനും ഈ പദ്ധതി നടപ്പാക്കിയേ തീരൂ എന്ന ഉറച്ച നിലപാടിലാണ് കേന്ദ്ര സർക്കാർ.




## ഏഷ്യയിലേക്കുള്ള ക്രൂഡ് ഓയിൽ വില വീണ്ടും കുറച്ച് സൗദി

**ദുബായ്:** ഏഷ്യൻ രാജ്യങ്ങളിലേക്കുള്ള അസംസ്കൃത എണ്ണയുടെ (ക്രൂഡ് ഓയിൽ) വില ജൂലൈ മുതൽ ബാരലിന് 6 ഡോളർ കുറയ്ക്കാൻ സൗദി തീരുമാനിച്ചു. തുടർച്ചയായ രണ്ടാം മാസവും സൗദിയുടെ ഏറ്റവും വലിയ എണ്ണ ഉൽപാദക കമ്പനിയായ അരാംകോ വില കുറച്ചെങ്കിലും സൗദിയുടെ അറബ് ലൈറ്റ് വിഭാഗത്തിലെ അസംസ്കൃത എണ്ണയ്ക്കു പ്രാദേശിക ബെഞ്ച്മാർക്ക് വിലയെക്കാൾ 9.50 ഡോളർ അധികമാണ്.

യൂറോപ്പിലേക്കും അമേരിക്കയിലേക്കുമുള്ള ക്രൂഡ് ഓയിലിന്റെ വിലയും കുറച്ചിട്ടുണ്ട്. വില കുറച്ചില്ലെങ്കിൽ ഗൾഫ് ക്രൂഡ് ഓയിലിന് ആവശ്യക്കാർ കുറയുമെന്ന ഭയമാണു തീരുമാനത്തിനു പിന്നിൽ. ഇറാൻ യുദ്ധം അവസാനിച്ചാലും സൗദിയും റഷ്യയും ഉൾപ്പെടുന്ന ഒപെക് പ്ലസ് രാജ്യങ്ങൾ എണ്ണ ഉൽപാദനം കുറയ്ക്കാൻ സാധ്യതയില്ല.

ഹോർമുസ് വഴി ഇന്ധന നീക്കം നടക്കാത്തതിനാൽ ചെങ്കടൽ വഴിയാണ് സൗദി എണ്ണ കയറ്റുമതി ചെയ്യുന്നത്. ഇതിനായി ചെങ്കടലിലെ യാൻബു തുറമുഖത്തേക്ക് പൈപ്പ് ലൈൻ വഴി എണ്ണ എത്തിക്കും.

യുദ്ധത്തിനു മുൻപുള്ള എണ്ണ കയറ്റുമതിയുടെ 70 ശതമാനം യാൻബു വഴി ഇപ്പോൾ സൗദി നടത്തുന്നുണ്ട്. സ്വന്തം നിലയിൽ പെട്രോളിയം കയറ്റുമതി നടത്തുന്ന ഒമാൻ, യുഎഇ രാജ്യങ്ങളുടെ വെല്ലുവിളിയും മറികടക്കേണ്ടതുണ്ട്. വില വർധന കാരണം പെട്രോളിയം ഉൽപന്നങ്ങളുടെ ആവശ്യം കുറഞ്ഞതായാണ് ഒപെക്കിന്റെ അവലോകന റിപ്പോർട്ടിൽ പറയുന്നത്.

## ഇന്ത്യക്കാർ ഉടൻ ഇറാൻ വിടണം; ജാഗ്രതാ നിർദേശവുമായി ഇന്ത്യൻ എംബസി

**ടെഹ്റാൻ:** ഇറാൻഇസ്രയേൽ സംഘർഷം കടുക്കുമെന്ന റിപ്പോർട്ടുകൾക്കിടെ ഇന്ത്യക്കാർക്ക് ജാഗ്രതാ നിർദേശവുമായി ഇറാനിലെ ഇന്ത്യൻ എംബസി. നിലവിൽ ഇറാനിലുള്ള ഇന്ത്യക്കാർ ലഭ്യമായ ഗതാഗത മാർഗങ്ങൾ ഉപയോഗിച്ച് എത്രയും വേഗം രാജ്യം വിടണമെന്നാണ് നിർദേശം.



ഇന്ത്യൻ പൗരന്മാർ ഇറാനിലേക്കുള്ള യാത്രകൾ പൂർണ്ണമായും ഒഴിവാക്കണമെന്നും എംബസി കർശന നിർദേശം നൽകി. ഒരു ഇടവേളയ്ക്ക് ശേഷം ഇറാനും ഇസ്രയേലും തമ്മിലുള്ള യുദ്ധം പൂർവ്വാധികം ശക്തിയോടെ പുനരാരംഭിച്ചെന്ന് റിപ്പോർട്ടുകൾ.

ടെഹ്റാൻ കത്തിക്കണമെന്ന് ഇസ്രയേലി തീവ്രപക്ഷ പ്രതിനിധിയും സുരക്ഷാ മന്ത്രിയുമായ ഇറ്റാമർ ബെൻ ഗ്വിർ ആഹ്വാനം ചെയ്തിട്ടുണ്ട്. ഞായറാഴ്ച രാത്രി ഇരുരാജ്യങ്ങളും പരസ്പരം മിസൈലുകൾ തൊടുത്തതോടെ ലോകം വീണ്ടും യുദ്ധമുനമ്പിലായി.

ഏപ്രിൽ മാസത്തിൽ ആരംഭിച്ച വെടിനിർത്തൽ തുടരുന്നതിനിടെ കഴിഞ്ഞ ദിവസങ്ങളിൽ നടന്ന ചർച്ചകൾ വീണ്ടും പരാജയപ്പെട്ടിരുന്നു. ഇതോടെയാണ് ഇസ്രയേലും ഇറാനും പരസ്പരം ആക്രമണം അഴിച്ചുവിട്ടത്.






## എംജി സർവകലാശാല പാർട്ട് ടൈം തൊഴിലധിഷ്ഠിത കോഴ്സുകൾ: ഇപ്പോൾ അപേക്ഷിക്കാം

**കോട്ടയം:** മഹാത്മാഗാന്ധി സർവകലാശാലയുടെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട്ടേം പ്രോഗ്രാംസ് നടത്തുന്ന വിവിധ ഹ്രസ്വകാല, പാർട്ട് ടൈം കോഴ്സുകളിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. തിയറി ക്ലാസുകൾ ഓൺലൈനായും പ്രാക്ടിക്കൽ ഓഫ്ലൈനുമായാണ് ക്രമീകരിച്ചിരിക്കുന്നത്.

പ്ലസ് ടു യോഗ്യതയുള്ളവർക്കായി ആറുമാസം ദൈർഘ്യമുള്ള ബിസിനസ് ഡാറ്റാ അനാലിസിസ് (ഫീസ്:9500), ഇന്റർനെറ്റ് പ്രോഗ്രാമിങ് ആന്റ് വെബ് ടെക്നോളജീസ് (ഫീസ്:7500) എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകളും, ഒരു വർഷം ദൈർഘ്യമുള്ള ഡിപ്ലോമ ഇൻ കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ് ആന്റ് ടാക്സേഷൻ (ഫീസ്:15000) കോഴ്സും ലഭ്യമാണ്.

ബിരുദധാരികൾക്കായി ആറുമാസത്തെ പിജി സർട്ടിഫിക്കറ്റ് കോഴ്സുകളായ എഐ ആന്റ് ഡീപ് ലേണിംഗ് (ഫീസ്:20000), ഡിജിറ്റൽ ആന്റ് സോഷ്യൽ മീഡിയ മാർക്കറ്റിംഗ് (ഫീസ്:15000) എന്നിവയുമുണ്ട്.

വിശദവിവരങ്ങൾക്ക് www.dasp.mgu.ac.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക. ഇമെയിൽ:dasp@mgu.ac.in, ഫോൺ: 8078786798, 0481 2733292.

### പ്രാക്ടിക്കൽ

**കോട്ടയം:** രണ്ടും നാലും സെമസ്റ്റർ ബിഎസ് സി കെമിസ്ട്രി (സിബിസിഎസ്) (2023 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) ഏപ്രിൽ 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂൺ 18 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

നാലാം സെമസ്റ്റർ ബിസിഎ/ബിഎസ്സി കമ്പ്യൂട്ടർ ആപ്ലിക്കേഷൻ മോഡൽ 3 ട്രിപ്പിൾ മെയിൻ (സിബിസിഎസ്) (പുതിയ സ്കീം2023 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) ഏപ്രിൽ 2026ൻറെ സോഫ്റ്റവെയർ ലാബ് കഢ പ്രാക്ടിക്കൽ പരീക്ഷ ജൂൺ 15, 16 തീയതികളിലായി നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷയ്ക്ക് അപേക്ഷിക്കാം

**കോട്ടയം:** ആറാം സെമസ്റ്റർ (സിബിസിഎസ്) (2023 അഡ്മിഷൻ തോറ്റവർക്കായുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷകൾക്ക് ജൂൺ 11 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ജൂൺ 12 വരെയും സൂപ്പർ ഫൈനോടുകൂടി ജൂൺ 15 വരെയും അപേക്ഷ സ്വീകരിക്കും.

## എറണാകുളം പോസ്റ്റൽ ഡിവിഷന്റെ ഡിവിഷണൽ തല ഡാക് അദാലത്ത് 26.06.2026 ന് നടക്കും

**കൊച്ചി:** എറണാകുളം പോസ്റ്റൽ ഡിവിഷന്റെ ഡിവിഷണൽ ലെവൽ 'ഡാക് അദാലത്ത്' 26.06.2026 ന് വൈകുന്നേരം 4 മണിക്ക് എറണാകുളം ഹെഡ് പോസ്റ്റ് ഓഫീസ് കോംപ്ലക്സിലെ അഞ്ചാം നിലയിലുള്ള എറണാകുളം ഡിവിഷൻ സീനിയർ സൂപ്രണ്ട് ഓഫ് പോസ്റ്റ് ന്റെ ഓഫീസിൽ വെച്ച് നടക്കും.

അദാലത്തിൽ തപാൽ ഉപഭോക്താക്കളുടെ പരാതികൾ പരിഗണിക്കും. പരാതികൾ മുൻകൂട്ടി അയയ്ക്കണം. അയച്ചയാളുടെയും വിലാസക്കാരന്റെയും പൂർണ്ണ വിലാസം, പോസ്റ്റ് ചെയ്ത തീയതിയും സമയവും, രജിസ്ട്രേഷൻ രസീത് നമ്പർ, ഇഎംഒ/വിപി/രജിസ്റ്റർ ചെയ്തതോ ഇൻഷ്വർ ചെയ്തതോ/സ്പീഡ് പോസ്റ്റ് ആർട്ടിക്കിളുകൾ ബുക്ക് ചെയ്ത തീയതിയും ഓഫീസും ഉൾപ്പെടെയുള്ള പൂർണ്ണ വിവരങ്ങൾ ഇതിൽ അടങ്ങിയിരിക്കണം. പരാതി സേവിംഗ്സ് സ്കീമുകളെക്കുറിച്ചോ പോസ്റ്റൽ ലൈഫ് ഇൻഷുറൻസ് അല്ലെങ്കിൽ റൂറൽ പോസ്റ്റൽ ലൈഫ് ഇൻഷുറൻസ് എന്നിവയെക്കുറിച്ചോ ആണെങ്കിൽ, പരാതിയിൽ അക്കൗണ്ട് നമ്പർ, നിക്ഷേപകന്റെ പേര്, പൂർണ്ണ വിലാസം, പോസ്റ്റ് ഓഫീസിന്റെ പേര്, തപാൽ വകുപ്പിന്റെ ഏതെങ്കിലും റഫറൻസ് എന്നിവ ലഭ്യമാണെങ്കിൽ ഉൾപ്പെടുത്തണം. മുൻ ഡാക് അദാലത്തുകളിൽ ഏറ്റെടുത്ത് തീർപ്പാക്കിയ കേസുകൾ വീണ്ടും പരിഗണിക്കുന്നതല്ല.

ഈ സൗകര്യം പ്രയോജനപ്പെടുത്താൻ ആഗ്രഹിക്കുന്നവർ പരാതികൾ 'ഡാക് അദാലത്ത്' എന്ന് എഴുതിയ കവറുകളിൽ 'സീനിയർ സൂപ്രണ്ട് ഓഫ് പോസ്റ്റ് ഓഫീസ്സ്, എറണാകുളം ഡിവിഷൻ, കൊച്ചി 682011' എന്ന വിലാസത്തിൽ അയയ്ക്കുകയോ അല്ലെങ്കിൽ sspekmdn.keralapost@gmail.com എന്ന വിലാസത്തിൽ അയയ്ക്കുകയോ ചെയ്യാം. 22.06.2026 നോ അതിനുമുമ്പോ പരാതികൾ ലഭിക്കേണ്ടതാണ്.

നിങ്ങളുടെ അപേക്ഷയിൽ മൊബൈൽ നമ്പറും ഇമെയിൽ ഐഡിയും ഉറപ്പാക്കുക.



## ആലപ്പുഴ– മാരാരിക്കുളം റെയിൽപാത ഇരട്ടിപ്പിക്കൽ: 220.51 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം

**തിരുവനന്തപുരം:** ആലപ്പുഴ,മാരാരിക്കുളം റെയിൽ പാത ഇരട്ടിപ്പിക്കലിന് 220.51 കോടി രൂപയുടെ പദ്ധതിക്ക് റെയിൽവേ അംഗീകാരം നൽകി. 10.65 കിലോമീറ്റർ ദൂരം പാത ഇരട്ടിപ്പിക്കലിനാണ് അംഗീകാരം നൽകിയിരിക്കുന്നത്. എറണാകുളംതുറവൂർആലപ്പുഴഅമ്പലപ്പുഴകായംകുളം കോറിഡോറിൽ ഇവിടെ മാത്രമാണ് ഇപ്പോൾ സിംഗിൾ ലൈൻ ഉള്ളത്. ബാക്കി സ്ഥലങ്ങളിൽ ഇരട്ടിപ്പിക്കൽ ആരംഭിച്ചിട്ടുണ്ട്. പണി പൂർത്തീകരിച്ചു കഴിഞ്ഞാൽ പ്രതിദിനം 9 ട്രെയിനുകൾ കൂടി ഇതു വഴി സർവീസ് നടത്താൻ കഴിയും. നിലവിൽ 35 ട്രെയിനുകളാണ് ഇതു വഴി പോകുന്നത്. ഇതിനു പുറമേ വർഷം 28.8 ലക്ഷം ടൺ ചരക്കു നീക്കവും സാധ്യമാകും. പ്രതിവർഷം 3.08 കോടി രൂപയുടെ അധികവരുമാനമാണ് റെയിൽവേ പ്രതീക്ഷിക്കുന്നത്.

69 കിലോമീറ്റർ ദൈർഘ്യമുള്ള എറണാകുളംഅമ്പലപ്പുഴ പാതയിൽ 45 കിലോമീറ്ററാണ് ഇരട്ടിപ്പിക്കൽ പൂർത്തിയാകാനുള്ളത്. അമ്പലപ്പുഴ മുതൽ കായംകുളം വരെ ഇരട്ടപ്പാതയുണ്ട്. പാതയിരട്ടിപ്പിക്കൽ ഒന്നിച്ച് നടത്താനായിരുന്നു പദ്ധതി. ഇപ്പോൾ ഇത് മൂന്ന് റീച്ചുകളിലായി പൂർത്തിയാക്കാനുള്ള നടപടികളാണ് പുരോഗമിക്കുന്നത്. എറണാകുളം മുതൽ കുമ്പളം വരെയും (7.71 കിലോമീറ്റർ) കുമ്പളം മുതൽ തുറവൂർ വരെയും (15.59 കിലോമീറ്റർ) തുറവൂർ മുതൽ മാരാരിക്കുളം വരെയും (21.10 കിലോമീറ്റർ) നടപടികൾ പുരോഗമിക്കുകയാണ്. ഫെബ്രുവരിയിലാണ് അമ്പലപ്പുഴ മുതൽ ആലപ്പുഴ വരെയുള്ള ഭാഗത്തെ ഇരട്ടിപ്പിക്കലിന് 324 കോടി റെയിൽവേ മന്ത്രാലയം അനുവദിച്ചത്. തുറവൂർമാരാരിക്കുളം റീച്ചിന് 430 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് റെയിൽവേ ബോർഡ് അംഗീകരിച്ചിരുന്നു. ആലപ്പുഴ മുതൽ അമ്പലപ്പുഴ വരെയുള്ള ഭാഗത്തിന് 313 കോടിയാണ് എസ്റ്റിമേറ്റ്.

ഇരട്ടപ്പാതയില്ലാത്തതിനാൽ വലിയ യാത്രാ ദുരിതമാണു തീരദേശ പാതയിലെ യാത്രക്കാർ നേരിടുന്നത്. ഒറ്റവരിപ്പാതയായതിനാൽ ആവശ്യത്തിനു മെമു ട്രെയിനുകളോ പുതിയ എക്സ്പ്രസ് ട്രെയിനുകളോ ലഭിക്കുന്നില്ല. തീരദേശ പാതയിലൂടെ ട്രെയിനുകൾ കുറവായതിനാൽ നിലവിൽ സർവീസ് നടത്തുന്ന പാസഞ്ചർ ട്രെയിനുകളിലെല്ലാം വൻ തിരക്കാണ്. രാവിലെയും വൈകിട്ടുമുള്ള ട്രെയിനുകളിൽ നിൽക്കാൻ പോലും ഇടമില്ല. മറ്റു ട്രെയിനുകൾക്കു കടന്നു പോകാനായി പാസഞ്ചർ ട്രെയിനുകൾ പിടിച്ചിടുന്നതു യാത്രാ ദുരിതം ഇരട്ടിയാക്കുന്നു.

## മുണ്ടക്കൈ ചൂരൽമല: വായ്പ എഴുതിത്തള്ളൽ: നടപടിക്കു തുടക്കം, അദാലത്തിന് 80 കുടുംബങ്ങൾ

**കൽപറ്റ:** മുണ്ടക്കൈചൂരൽമല ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ ബാങ്ക് വായ്പകൾ എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട നടപടികൾ തുടങ്ങി ജില്ലാ ഭരണകൂടം. ആദ്യപടിയായി, ഗുണഭോക്താക്കളെ നേരിട്ട് കേൾക്കാൻ കലക്ടറേറ്റിൽ അദാലത്ത് തുടങ്ങി. ഇന്നലെ ഫെയ്സ്വൺ പട്ടികയിലെ 80 കുടുംബങ്ങൾ അദാലത്തിൽ പങ്കെടുത്തു. വായ്പകളുമായി ബന്ധപ്പെട്ട് സർക്കാരിന്റെ കൈവശമുള്ള ലിസ്റ്റുകൾ ഗുണഭോക്താക്കളെ ബോധ്യപ്പെടുത്തി. ഇതിൽ പുതുതായി ചേർക്കേണ്ടതായ രേഖകൾ/ വായ്പകൾ ഉണ്ടെങ്കിൽ അവ ഹാജരാക്കാൻ ആവശ്യപ്പെട്ടു. ദുരന്തബാധിതരായി സർക്കാർ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയവരുടെ വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള നടപടികളുടെ ഭാഗമായാണ് അദാലത്ത്.

തുടർന്നാണു ജില്ലാ ഭരണകൂടത്തിന്റ ഇടപെടൽ. ഫെയ്സ് ഒന്ന്, ഫെയ്സ് 2എ, ഫെയ്സ് 2ബി പട്ടികകളിലെ ഗുണഭോക്താക്കളുടെയും ദുരന്തത്തിൽ മരിച്ചവരുടെയും വായ്പകളാണ് അദാലത്തിൽ പരിഗണിക്കുക. 11 വരെയാണു അദാലത്ത്. ഫെയ്സ് വൺ പട്ടികയിലെ ബാക്കിയുള്ളവരും ഫെയ്സ് 2എ പട്ടികകളിലെ ഗുണഭോക്താക്കളും കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കുന്ന അദാലത്തിൽ പങ്കെടുക്കണം. ദുരന്തബാധിതർക്ക് 2024 ജൂലൈ 30 വരെ ഉണ്ടായിരുന്ന ബാങ്ക് വായ്പകൾ സംബന്ധിച്ച ബാങ്ക് ലോൺ സ്റ്റേറ്റ്മെന്റ്, പാസ് ബുക്ക് എന്നിവ ഉൾപ്പെടെ കൈവശമുള്ള രേഖകൾ അദാലത്തിൽ കൊണ്ടുവരണം. മരിച്ചവരുടെ വായ്പ സംബന്ധിച്ച വിവരങ്ങൾ ജീവിച്ചിരിക്കുന്ന മറ്റ് അടുത്ത ബന്ധുക്കൾ ലഭ്യമാക്കണം. അദാലത്തിലെത്തുന്നവർ ആധാർ അല്ലെങ്കിൽ തിരിച്ചറിയൽ രേഖയുടെ പകർപ്പ്, റേഷൻ കാർഡിന്റെ പകർപ്പ്, ലോൺ അക്കൗണ്ട് പാസ് ബുക്കിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അദാലത്തിൽ പങ്കെടുക്കുന്നതിന് വായ്പക്കാരൻ ചുമതലപ്പെടുത്തിയ സമ്മതപത്രം, മരിച്ച വ്യക്തിയുടെ അവകാശ രേഖകൾ എന്നിവയിൽ ലഭ്യമായവ ഹാജരാക്കണം.



നേരിട്ടെത്താൻ ബുദ്ധിമുട്ടുള്ളവരുടെ വിശദാംശങ്ങൾ ക്യാംപിൽ വരുന്ന മറ്റ് കുടുംബാംഗങ്ങൾ ഹാജരാക്കണം. ദുരന്തനിവാരണ വിഭാഗം ഡപ്യൂട്ടി കലക്ടർ എം.കെ.ഇന്ദു, ജില്ലാ വിദ്യാഭ്യാസ ഓഫിസർ സി.വി. മൻമോഹൻ, ജില്ലാ ഫിനാൻസ് ഓഫിസർ ആർ.സാബു തുടങ്ങിയവരുടെ നേതൃത്വത്തിലാണ് അദാലത്ത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഗ്ലോബൽ ട്വിൻസ് ഫെസ്റ്റിവൽ 2026 ശ്രീലങ്കയിൽ




**ശ്രീലങ്കയിൽ നടക്കുന്ന ഗ്ലോബൽ ടിൻസ് ഫെസ്റ്റിവൽ 2026ന്റെ ഗ്ലോബൽ അംബാസിഡറായി ഡബ്ല്യു.ബി.സി. മിഡിൽവെയ്റ്റ് ചാമ്പ്യനും, കെയർ അംബാസിഡറുമായ കെ.എസ്.വിനോദിനെ ശ്രീലങ്കൻ ടിൻസ് അസ്സോസിയേഷൻ സ്ഥാപകയും ഇന്റർനാഷണൽ ഹ്യൂമൻ റൈറ്റ്സ് ഓർഗനൈസേഷൻ ഡയറക്ടറുമായ ഉപുലി ഗമഗെ പ്രഖ്യാപിക്കുന്നു. ജോണി ജോബി, അഡ്വ.കെ.വി.സാബു,മേജർ മഹിന്ദ ഹേട്ടിയാരാച്ചി,പോൾ ജോബി എന്നിവർ സമീപം.**

**കൊച്ചി:** ഗ്ലോബൽ ടിൻസ് ആൻഡ് മൾട്ടിപ്പിൾ ബർത്ത് ഓർഗനൈസേഷന്റെ ഈ വർഷത്തെ കൂട്ടായ്മയ്ക്ക് ശ്രീലങ്ക ടിൻസ് ഓർഗനൈസേഷൻ ആധിഥേയത്വം വഹിക്കുമെന്ന് എറണാകുളം പ്രസ്സ് ക്ലബ്ബിൽ നടത്തിയ വാർത്താസമ്മേളനത്തിൽ ശ്രീലങ്കൻ ടിൻസ് അസ്സോസിയേഷൻ സ്ഥാപകയും ഇന്റർനാഷണൽ ഹ്യൂമൻ റൈറ്റ്സ് ഓർഗനൈസേഷൻ ഡയറക്ടറുമായ ഉപുലി ഗമഗെ, ഇവന്റ് ചീഫ് ഓർഗനൈസർ മേജർ മഹിന്ദ ഹേട്ടിയാരാച്ചി എന്നിവർ അറിയിച്ചു. 50ൽ അധികം രാജ്യങ്ങളിൽ നിന്നുള്ള പങ്കാളിത്തം പ്രതീക്ഷിക്കുന്ന ഗ്ലോബൽ ടിൻസ് ഫെസ്റ്റ് ഒക്ടോബർ 24, മുതൽ 28 വരെ കൊളംബോയിൽ നടക്കും. ഇരട്ടകളായോ അതിൽ കൂടുതലായോ ജനിച്ചവരുടെ അഗോള കൂട്ടയ്മയാണ് ഗ്ലാബൽ ടിൻസ് ആൻഡ് മൾട്ടി ബർത്ത് ഓർഗനൈസേഷൻ.ഏഷ്യയിൽ ഇതുവരെ സംഘടിപ്പിച്ചിട്ടുള്ളതിൽ ഏറ്റവും വലിയ അന്താരാഷ്ട്ര ഇരട്ട സംഗമങ്ങളിൽ ഒന്നായി മാറുമെന്ന് പ്രതീക്ഷിക്കുന്ന ഈ ഫെസ്റ്റിവലിൽ ലോകമെമ്പാടുമുള്ള ഇരട്ടകൾക്കും ബഹുജന്മ കുടുംബങ്ങൾക്കും അവരുടെ അനുഭവങ്ങൾ പങ്കിടാനും, വ്യക്തിത്വങ്ങൾ ആഘോഷിക്കാനും, സൗഹൃദം, സാംസ്കാരിക സമുന്നയം,അന്താരാഷ്ട്ര സഹകരണവും സൗഹൃദങ്ങളും വളർത്താനുള്ള വേദികൂടിയാണിതെന്ന് സംഘാടർ പറഞ്ഞു.

സംഗമത്തിന്റെ ഗ്ലോബൽ അംബാസഡറായി മലയാളിയും ഡബ്ല്യു.ബി.സി. മിഡിൽവെയ്റ്റ് ചാമ്പ്യനും, കെയർ അംബാസിഡറുമായ കെ.എസ്.വിനോദിനെ നിയമിച്ചു. നാഷണൽ കോർഡിനേറ്ററായി അഡ്വ.കെ.എസ് സാബുവിനെയും നിയമിച്ചു. വാർത്താ സമ്മേളനത്തിൽ ഇരട്ടകളായ ജോണി ജോബി, പോൾ ജോബി, കെ.എസ്.വിനോദ്, അഡ്വ.കെ.വി.സാബു എന്നിവരും പങ്കെടുത്തു.

# കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വൈജ്ഞാനികപുരസ്കാരത്തിന് അപേക്ഷിക്കാം

**തിരുവനന്തപുരം:** എൻ. വി. കൃഷ്ണവാരിയർ സ്മാരക വൈജ്ഞാനികപുരസ്കാരം, ഡോ. കെ. എം. ജോർജ്ജ് സ്മാരക ഗവേഷണപുരസ്കാരം, (ശാസ്ത്രം/ശാസ്ത്രേതരം), എം. പി. കുമാരൻ സ്മാരക വിവർത്തനപുരസ്കാരം എന്നിവയ്ക്കായി ജൂലൈ 31 വരെ അപേക്ഷിക്കാം. 2025 ജനുവരി 1 മുതൽ ഡിസംബർ 31 വരെ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ചിട്ടുള്ള മൗലികകൃതികളും അവാർഡ് ചെയ്യപ്പെട്ടിട്ടുള്ള പി.എച്ച്.ഡി ഗവേഷണ പ്രബന്ധങ്ങളുമാണ് പുരസ്കാരങ്ങൾക്കായി പരിഗണിക്കുക. ഗ്രന്ഥകർത്താക്കൾ, അവരുടെ ബന്ധുക്കൾ, സുഹൃത്തുക്കൾ, പ്രസാധകർ, സാഹിത്യസാംസ്കാരിക സംഘടനകൾ എന്നിവർക്ക് അവാർഡ് പരിഗണനയ്ക്കുള്ള കൃതികൾ/ഗവേഷണ പ്രബന്ധങ്ങൾ അയച്ചുനൽകാം. പുരസ്കാരത്തിനായി സമർപ്പിക്കുന്ന കൃതികൾ/ഗവേഷണ പ്രബന്ധങ്ങൾ എന്നിവ തിരികെ നൽകുന്നതല്ല. സമർപ്പണങ്ങൾ ഓരോന്നും വിദഗ്ധ ജൂറി പരിശോധിച്ച് വിധിനിർണയിക്കും. ഇതിനുമുൻപ് ഏതെങ്കിലും വിഭാഗത്തിൽ അവാർഡ് ലഭിച്ചവരുടെ കൃതികൾ അതാതു വിഭാഗങ്ങളിൽ പരിഗണിക്കുന്നതല്ല. കഥ, കവിത, നോവൽ, നാടകം, ആത്മകഥ, ജീവചരിത്രം എന്നിവ പരിഗണിക്കില്ല.

എൻ. വി. കൃഷ്ണവാരിയർ സ്മാരക വൈജ്ഞാനികപുരസ്കാരം (ശാസ്ത്രസാങ്കേതിക വിഷയങ്ങൾ, ഭാഷാ സാഹിത്യപഠനങ്ങൾ, സാമൂഹികശാസ്ത്രം, കല/സാംസ്കാരിക പഠനങ്ങൾ എന്നീ മേഖലകളിലുള്ള കൃതികളാണ് പരിഗണിക്കുക. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും ശിൽപവുമാണ് പുരസ്കാരം.)

എം. പി. കുമാരൻ സ്മാരക വിവർത്തനപുരസ്കാരം (ഇംഗ്ലീഷ് ഭാഷയിൽ നിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്ത വൈജ്ഞാനിക ഗ്രന്ഥങ്ങളാണ് പരിഗണിക്കുക. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും ശിൽപവുമാണ് പുരസ്കാരം.)

ഡോ. കെ. എം. ജോർജ്ജ് സ്മാരക ഗവേഷണപുരസ്കാരം (ശാസ്ത്രം/ശാസ്ത്രേതരം എന്നീ രണ്ട് വിഭാഗങ്ങളിലാണ് പുരസ്കാരം നൽകുന്നത്. 2025 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ ഏതെങ്കിലും ഇന്ത്യൻ സർവകലാശാലകളിൽ നിന്ന് അവാർഡ് ചെയ്യപ്പെട്ട ഡോക്ടറൽ/പോസ്റ്റ് ഡോക്ടറൽ ശാസ്ത്രം/ശാസ്ത്രേതരം എന്നീ വിഭാഗങ്ങളിലെ മലയാള പ്രബന്ധങ്ങളോ, മറ്റു ഭാഷകളിൽ സമർപ്പിക്കപ്പെട്ട പ്രബന്ധങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയതോ പരിഗണിക്കും. ഒരോ വിഭാഗത്തിനും അൻപതിനായിരം രൂപയും പ്രശസ്തിപത്രവും ശിൽപവുമാണ് പുരസ്കാരമായി നൽകുന്നത്.)

കൃതികൾ/ഗവേഷണ പ്രബന്ധങ്ങൾ എന്നിവയുടെ നാല് പകർപ്പുകളും വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷയുമാണ് സമർപ്പിക്കേണ്ടത്. വിവർത്തന പുരസ്കാരത്തിന് അപേക്ഷിക്കുമ്പോൾ മൂലകൃതിയുടെ ഒരു പകർപ്പും ഗവേഷണ പ്രബന്ധത്തിനൊപ്പം സാക്ഷ്യപത്രത്തിന്റെ പകർപ്പും സമർപ്പിക്കണം. അപേക്ഷകൾ ഡയറക്ടർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, നളന്ദ, തിരുവനന്തപുരം695003 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മാർഗ്ഗമോ നൽകണം. വിശദവിവരങ്ങൾക്ക്: 9447956162 (പി.ആർ.ഒ.), 9497469556 (സീനിയർ സൂപ്രണ്ട്).



# കോഴിക്കോട് ആറുവരി ബൈപ്പാസിൽ ഇരുചക്ര വാഹനങ്ങൾക്കും ഓട്ടോറിക്ഷകൾക്കും വിലക്ക്

**കോഴിക്കോട്:** രാമനാട്ടുകര മുതൽ വെങ്ങളം വരെയുള്ള ഇരുപത്തിയെട്ട് കിലോമീറ്റർ ദൈർഘ്യമുള്ള, പുതുതായി വികസിപ്പിച്ച കോഴിക്കോട് ആറുവെരി ബൈപ്പാസിൽ ഇരുചക്ര വാഹനങ്ങൾക്കും ഓട്ടോറിക്ഷകൾക്കും ഏർപ്പെടുത്തിയിരുന്ന നിരോധനം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ സിറ്റി പോലീസുമായി ചേർന്ന് കർശനമായി നടപ്പാക്കാൻ തുടങ്ങി. ആറുവരി പാത തുറന്നതുമുതൽ ഈ വാഹനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുള്ള സൈൻ ബോർഡുകൾ സ്ഥാപിച്ചിരുന്നെങ്കിലും മിക്ക വാഹനയാത്രക്കാരും ഇത് പൂർണ്ണമായി അവഗണിക്കുകയായിരുന്നു. ഓവർടേക്കിംഗിനായി മാത്രം മാറ്റി വെച്ചിരിക്കുന്ന മൂന്നാം ട്രാക്കിലൂടെ ഇരുചക്ര വാഹനങ്ങൾ അമിതവേഗതയിൽ പായുന്നത് പതിവ് കാഴ്ചയായിരുന്നു. കാലവർഷം ആരംഭിച്ചതോടെ ഇത്തരത്തിലുള്ള അശ്രദ്ധമായ ഡ്രൈവിംഗ് അപകടങ്ങൾക്കുള്ള സാധ്യത വർദ്ധിപ്പിച്ചിരിക്കുകയാണ്.

കോഴിക്കോട് സിറ്റി പോലീസ് ഡെപ്യൂട്ടി കമ്മീഷണർ പദം സിംഗിന്റെ നേതൃത്വത്തിൽ നടന്ന ഉന്നതതല അവലോകന യോഗത്തിന് ശേഷമാണ് നിയമലംഘകർക്കെതിരെ പിഴയുൾപ്പെടെയുള്ള നിയമനടപടികളിലേക്ക് നീങ്ങാൻ അധികൃതർ തീരുമാനിച്ചത്.



# പ്രകൃതി സംരക്ഷണം പൂർണമാകുന്നത് തൈകൾ സംരക്ഷിക്കപ്പെടുമ്പോൾ കൂടിയാണ്: ബിഷപ്

**മാനന്തവാടി:** പരിസ്ഥിതിയെ സംരക്ഷിക്കാൻ ഓരോ മനുഷ്യരും പ്രതിജ്ഞാബന്ധമാണെന്നും പ്രകൃതിയെ സ്നേഹിക്കുന്നത് പിരിസ്ഥിതിദിനാചരണത്തിൽ മാത്രമായി ഒതുങ്ങരുതെന്നും ബത്തേരി ബിഷപ്പ് ഡോ. ജോസഫ് മാർ തോമസ്.

മുൻ തലമുറ നട്ടുവളർത്തിയ വൃക്ഷങ്ങളുടെ തണലിലാണ് നാം ജീവിക്കുന്നതെന്നും മലങ്കര കാത്തലിക്ക് അസോസിയേഷൻ സഭാതല സമിതി മാനന്തവാടി സെൻറ് തോമസ് ദേവാലയത്തിൽ നടത്തിയ ഗ്ലോബൽ പരിസ്ഥിതി ദിനാഘോഷ സമ്മേളനത്തിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു ബിഷപ്. ഉഷ വിജയൻ എംഎൽഎ ഉദ്ഘാടനം ചെയ്തു.

പരിസ്ഥിതിയെ സംരക്ഷിക്കുന്നതിൽ മലങ്കര കാത്തലിക്ക് അസോസിയേഷൻ ചെയ്യുന്ന സേവന പ്രവർത്തനങ്ങൾ മാതൃകപരമാണെന്നും സഹജീവികളെ സ്നേഹിക്കുന്നതിന് തുല്ല്യമാണ് ഒരു തൈ നട്ട് വളർത്തുന്നതിലൂടെ പ്രകടമാവുന്നതെന്നും എംസിഎ സഭാതലസമിതി ഇന്ത്യയൊട്ടാകെ ചെയ്യുന്ന ജീവകാരുണ്യ പദ്ധതികൾ ഏറെ അഭിനന്ദനാർഹമാണെന്നും എംഎൽഎ പറഞ്ഞു. സഭാതല സമിതി ഗ്ലോബൽ പ്രസിഡൻറ് എസ്.ആർ. ബൈജു അധ്യക്ഷത വഹിച്ചു.

തെരഞ്ഞെടുത്ത 100 നിർധന കുടുംബങ്ങൾക്ക് 500 ഹൈബ്രീഡ് തെങ്ങിൻ തൈകൾ ചടങ്ങിൽ വിതരണം ചെയ്തു. സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും തെങ്ങിൻ തൈകൾ നല്കി. മാനന്തവാടി നഗരസഭ അധ്യക്ഷൻ ജേക്കബ് സെബാസ്റ്റ്യൻ, ബത്തേരി രൂപതാ സ്പിരിച്ചൽ ഡയറക്ടർ ഫാ. ജയിംസ് മലേപറന്പിൽ, ഫാ. വർഗീസ് മറ്റമന, ഫാ. തോമസ് തുണ്ടിയിൽ, സഭാതല വൈസ് പ്രസിഡൻറ് ഷാജി കൊയിലേരി, ബത്തേരി രൂപത പ്രസിഡൻറ് പ്രിൻസ് ഏബ്രാഹം, ലാലി ജോസ്, ചാക്കോ നരിമറ്റത്തിൽ, ബ്ലോക്ക് പഞ്ചായത്ത് അംഗം ബേബി നീർക്കുഴി, മുനിസിപ്പൽ കൗൺസിലർ സബിത ഷെറി, മാനന്തവാടി മേഖല പ്രസിഡൻറ് ജോയിം തെങ്ങുംതോട്ടം, സൽജു ജോബ്, ഷിന്ദു ഫിലിപ്പ് തുടങ്ങിയവർ പ്രസംഗിച്ചു. നവാഗതരായ എംസിഎ അംഗങ്ങൾക്ക് സ്വീകരണം നൽകി.

# ചുവരുകളും മതിലുകളും ഹരിതാഭമാക്കാൻ ലംബോദ്യാനങ്ങൾ

സമീപകാലത്ത് ഏറെ പ്രചാരം നേടിയ ഉദ്യാനരീതിയാണ് വെർട്ടിക്കൽ ഗാർഡൻ അഥവാ ലംബോദ്യാനം. സ്ഥലപരിമിതിയുള്ള ഇടങ്ങളിൽ വീടുകളുടെ ചുവരുകളോടും മതിലുകളോടും ചേർന്ന് ചെടികൾ നട്ടുവളർത്തി പച്ചപ്പിന്റെയും ശുദ്ധവായുവിന്റെയും അന്തരീക്ഷം സൃഷ്ടിക്കാനുതകുന്നതാണ് ലംബോദ്യാനങ്ങൾ.



ചുവരുകൾ, മതിൽ, ബാൽക്കണി, ടെറസ്, മുറ്റം എന്നിവ കൂടാതെ അകത്തളങ്ങളിലും ഭംഗിയേറിയ വെർട്ടിക്കൽ ഗാർഡനുകൾ ഒരുക്കാം. അനുയോജ്യമായ ചെടികൾ തെരഞ്ഞെടുത്തു നടുന്നതിലൂടെ വീടിന് പച്ചപ്പ് നൽകാനും അന്തരീക്ഷം ശുദ്ധീകരിക്കാനും സാധിക്കും.

നഗരവത്കരണം സൃഷ്ടിക്കുന്ന വെല്ലുവിളികളെ നേരിടുന്നതിനുള്ള സൃഷ്ടിപരവും പരിസ്ഥിതി സൗഹൃദപരവുമായ പരിഹാരമാർഗമെന്ന നിലയിൽ ഇത് സമീപകാലത്ത് ഏറെ ശ്രദ്ധയാകർഷിച്ചിട്ടുണ്ട്.

പരിമിതമായ സ്ഥലത്തിന്റെ പരമാവധി ഉപയോഗം ഉറപ്പുവരുത്തുന്നതുവഴി ഇത് നഗരപരിസരങ്ങൾക്ക് ഏറ്റവും അനുയോജ്യമാണ്. വീടിനു ചുറ്റുമുള്ള അന്തരീക്ഷത്തിലെ കാർബൺ അളവ് കുറയ്ക്കുകയും വായുവിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

അന്തരീക്ഷത്തിലെ താപനില നിയന്ത്രിക്കുന്നതിനും വീടും പരിസരവും കുളിർമയുള്ളതാക്കാനും സഹായിക്കുന്നു. നഗരമധ്യത്തിലായാലും വീട്ടുപരിസരങ്ങളിൽ പക്ഷികൾക്കും ചിത്രശലഭങ്ങൾക്കും ഇടമൊരുക്കുന്നു. വീടിന്റെ ദൃശ്യഭംഗിയും കൂട്ടുന്നു.

പുതിയ കാലത്തെ ജീവിത സാഹചര്യങ്ങളിൽ ഇതെല്ലാം മനസിനും ശരീരത്തിനും ആശ്വാസം പകരുന്നു. ഭാരം കുറഞ്ഞ ചട്ടികളും മാധ്യമവുമാണ് ലംബോദ്യാനങ്ങൾക്ക് ഉപയോഗിക്കേണ്ടത്. ചെടികൾക്ക് കൃത്യമായ ജലസേചനവും വളപ്രയോഗവും നടത്തണം.

അനുയോജ്യമായ സ്ഥലം തെരഞ്ഞെടുത്ത് അവിടെ ഉറപ്പിക്കുന്ന ലോഹ ഫ്രെയിമിലാണ് ചട്ടികളോ പിവിസി പാളികളോ ഉറപ്പിക്കേണ്ടത്. ഇവയിൽ സൃഷ്ടിക്കുന്ന ചെറു പോക്കറ്റുകളിലാണ് തെരഞ്ഞെടുത്ത ചെടികളോ വിത്തുകളോ നടേണ്ടത്.

ജലസേചന സംവിധാനം കാര്യക്ഷമമാക്കാൻ സ്വയം പ്രവർത്തിക്കുന്ന ഡ്രിപ്പ് ഇറിഗേഷൻ രീതിയായിരിക്കും കൂടുതൽ നല്ലത്. അധിക ജലത്തിന്റെ പുനരുപയോഗത്തിന് ലംബോദ്യാനത്തിന്റെ അടിത്തട്ടിൽ ഒരു ശേഖരണ സംവിധാനം വയ്ക്കുന്നതും നല്ലതായിരിക്കും.

കീടരോഗബാധകൾ നിയന്ത്രിക്കുന്നതിന് പരിശോധനകൾ നടത്തണം. എങ്കിലും സാധാരണ കൃഷിരീതിയുമായി വച്ചുനോക്കുമ്പോൾ ലംബോദ്യാനങ്ങൾക്ക് വളരെ കുറഞ്ഞ പരിചരണം മാത്രമേ ആവശ്യമായുള്ളൂ.

നിലത്തുനിന്ന് വളർന്നുവരുന്ന സസ്യങ്ങൾ മതിലിലേക്ക് പടരുന്ന തരത്തിലും ഉദ്യാനങ്ങളുണ്ടാക്കാം. ഉദ്യാനസസ്യങ്ങൾക്കും പുൽവർഗങ്ങൾക്കും പുറമേ ചെറിയ പച്ചക്കറികളും ഭക്ഷ്യയോഗ്യമായ സസ്യങ്ങളും ലംബോദ്യാനങ്ങളിൽ വളർത്തിയെടുക്കാം.

മനോഹരമായ ലംബോദ്യാനങ്ങൾ ഒരുക്കിയെടുക്കുന്നതിലൂടെ നമ്മുടെ വീടുകളെയും ഓഫീസുകളെയും നഗരമധ്യത്തിലെ പച്ചത്തുരുത്തുകളായി മാറ്റാൻ സാധിക്കും.

ലംബോദ്യാനത്തിൽ ഇനി ഔഷധസസ്യങ്ങളും

അലങ്കാരച്ചെടികൾക്കു പുറമേ നിത്യജീവിതത്തിൽ ഏറെ ആവശ്യമായ പല ഔഷധസസ്യങ്ങളും നമുക്ക് ലംബോദ്യാനങ്ങളിൽ വളർത്തിയെടുക്കാം. ഫ്ളാറ്റുകളിലോ അപ്പാർട്ട്മെന്റുകളിലോ താമസിക്കുന്നവർക്ക് ഇവയൊന്നും നട്ടുവളർത്താൻ സ്ഥലമില്ലെന്ന പ്രശ്നം അങ്ങനെ പരിഹരിക്കാം.

തുളസി, പനിക്കൂർക്ക, വിഷമൂലി, മുറികൂട്ടി, അയ്യപ്പന, ഗരുഡപ്പച്ച, വാതംകൊല്ലി, വിഷ്ണുക്രാന്തി, കേശവർധിനി, മധുരതുളസി (സ്റ്റീവിയ) തുടങ്ങിയ ഔഷധസസ്യങ്ങൾ ലംബോദ്യാനങ്ങളിൽ വളർത്താൻ വളരെ അനുയോജ്യമാണ്.ജലദോഷം, തൊണ്ടവേദന, ചുമ, മുറിവുകൾ, കീടോപദ്രവം തുടങ്ങിയവയുമായി ബന്ധപ്പെട്ട് പ്രഥമ ശുശ്രൂഷയ്ക്കാവശ്യമായ ഔഷധസസ്യങ്ങൾ ഇങ്ങനെ കൈയെത്തുന്ന അകലത്തിൽ ലഭ്യമാക്കാനാകും. വെർട്ടിക്കൽ ഗാർഡനിലെ ഓരോ ചട്ടിയിലും 1:1:1 എന്ന അനുപാതത്തിൽ മണൽ, മണ്ണ്, ജൈവവളം എന്നിവ ചേർത്തുണ്ടാക്കുന്ന നടീൽ മിശ്രിതം നിറച്ചാണ് ഔഷധസസ്യങ്ങൾ നടേണ്ടത്.

തൈകൾ നടുമ്പോഴും തുടർന്നും ആവശ്യാനുസരണം ജലസേചനം നടത്തണം. കീടങ്ങളുടെ ആക്രമണവും രോഗബാധയും കുറവായതിനാൽ വലിയ പരിചരണമില്ലാതെ തന്നെ ഈ സസ്യങ്ങൾ നന്നായി വളർന്നുവരും.



## പൂന്തോട്ടത്തിലെ പുത്തൻ ട്രെൻഡ്

കേരളത്തിൽ പൂന്തോട്ടത്തിലും പൂന്തോട്ട സംരംഭത്തിലും വലിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുയാണ്. പൂച്ചെടികൾ, തണൽമരങ്ങൾ, ഇലച്ചെടികൾ, വെള്ളച്ചാട്ടങ്ങൾ, പ്രതിമകൾ, പുൽത്തകിടികൾ, ഇരിപ്പിടങ്ങൾ എന്നിവയുള്ള പൂന്തോട്ടങ്ങൾ പുത്തൻസാങ്കേതിക വിദ്യയുടെ സഹായത്തോടെയാണ് ഒരുങ്ങുന്നത്.

ഉപഭോക്താവിന്റെ താത്പര്യത്തിന് അനുസരിച്ച് വീട്, ഓഫീസ് എന്നിവിടങ്ങളിൽ വമ്പൻ ഉദ്യാനങ്ങൾ സജ്ജീകരിച്ചുകൊടുക്കുന്ന സംരംഭങ്ങൾ നിരവധിയുണ്ട്. സൂര്യപ്രകാരം കടന്നെത്തുന്ന അകത്തളങ്ങളിൽ ഇൻഡോർ പ്ലാന്റുകൾ വയ്ക്കുന്നതും പുതിയ ട്രെൻഡാണ്.

സ്നേക് പ്ലാന്റ്, പീസ് ലിലി, അലോ, ഫിറ്റോണിയ, അലങ്കാര കള്ളിച്ചെടികൾ എന്നിവയാണ് സാധാരണ ഉപയോഗിക്കുന്നത്. ചെടികൾക്കും മുറിയുടെ ഭംഗിക്കും ഇണങ്ങുന്ന രീതിയിലുള്ള സെറാമിക്, ഫൈബർ, ഗ്ലാസ്, വിയറ്റ്നാം പോട്ടുകളിലാണ് ഇൻഡോർ പ്ലാന്റുകൾ വയ്ക്കുന്നത്.

ഓഫീസുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ, ഓഡിറ്റോറിയങ്ങൾ എന്നിവിടങ്ങളിലും ഇൻഡോർ പ്ലാന്റുകൾ സ്ഥലം പിടിച്ചിട്ടുണ്ട്. മുറികളിൽ പോസിറ്റിവിറ്റി നിറയ്ക്കാൻ ഇൻഡോർ പ്ലാന്റുകൾക്കു സാധിക്കുന്നതിനാൽ വൻ ഡിമാൻഡ് ആണ്.

നമ്മുടെ കാലാവസ്ഥയിൽ വളരുന്ന അലങ്കാരച്ചെടികൾക്കും പൂച്ചെടികൾക്കും ഓർക്കിഡിനും പിന്നാലെ, കടൽ കടന്നെത്തുന്ന ഡിസൈൻഡ് ടോപ്പിയറി വൃക്ഷങ്ങളും പൂന്തോട്ടങ്ങളിൽ പ്രധാനിയാണ്.

ടോപ്പിയറി ചെയ്തു വിവിധ ആകൃതിയിൽ വളർത്തിയെടുക്കുന്ന മാൽപീജിയ, കോണിഫർ, പോഡോകാർപസ്, ബൊഗേൻവില്ല, ഫീക്കസ്, പാംസ് എന്നിവയ്ക്കും ആവശ്യക്കാർ ഏറെയാണ്.

ടോപ്പിയറി ചെയ്ത മൾട്ടി കളേർഡ് ബൊഗേൺവില്ലയാണ് വിപണിയിലെ താരം. ആൽവർഗത്തിൽപെട്ട ടോപ്പിയറി ചെയ്ത ഫീക്കസ് മരങ്ങൾക്കു ലക്ഷങ്ങളാണ് മാർക്കറ്റ് വില. പുൽത്തകിടിയിൽ പേൾ ഗ്രാസാണ് എല്ലാവരും ഉപയോഗിക്കുന്നത്.

ചിതലിന്റെയോ കുമിളിന്റെയോ ശല്യമില്ലാത്തതിനാൽ പരിചരണം കുറച്ചുമതി. മെക്സിക്കൻ ഗ്രാസ്, ബഫലോ ഗ്രാസ് എന്നിവയ്ക്കു പകരമാണ് പേൾ ഗ്രാസ് ഉപയോഗിക്കുന്നത്.

കൂടാതെ, ആർട്ടിഫിഷൽ ഗ്രാസിനും ചെടികൾക്കും നല്ല ഡിമാൻഡുണ്ട്. കൃഷി അനുബന്ധ മേഖലയിൽ ഉദ്യാനപരിപാലനം ലാഭകരമായ സംരംഭമേഖലയാണ്.



വൈറ്റില തമ്മനം സീനിയർ സിറ്റിസൺ ഫോറവും സഹൃദയയും ചേർന്ന് സംഘടിപ്പിച്ച സൗജന്യ ആരോഗ്യ പരിശോധനാ ക്യാമ്പ് മേയർ അഡ്വ. വി.കെ. മിനിമോൾ ഉദ്ഘാടനം ചെയ്യുന്നു.

# സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി

**പൊന്നുരുന്നി:** ഒറ്റപ്പെടൽ അനുഭവിക്കുന്ന മുതിർന്ന പൗരന്മാരെ ചേർത്തുനിർത്താനും അവരുടെ ശാരീരിക, മാനസിക ആരോഗ്യ കാര്യങ്ങളിൽ ശ്രദ്ധിക്കാനും സമൂഹത്തിനു കടമയുണ്ടെന്ന് കൊച്ചി നഗരസഭാ മേയർ അഡ്വ. വി.കെ. മിനിമോൾ അഭിപ്രായപ്പെട്ടു. വൈറ്റില തമ്മനം സീനിയർ സിറ്റിസൺ ഫോറവും എറണാകുളം അങ്കമാലി അതിരൂപതാ സാമൂഹ്യപ്രവർത്തനവിഭാഗമായ സഹൃദയയും ചേർന്ന് വാസൻ ഐ കെയർ, മാ കെയർ കലൂർ, സഹൃദയ നൈവേദ്യ ആയുർവേദ ആശുപത്രി എന്നിവരുടെ സഹകരണത്തോടെ സംഘടിപ്പിച്ച സൗജന്യ ആരോഗ്യ പരിശോധനാ ക്യാമ്പ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മേയർ. രോഗാരംഭത്തിൽ തന്നെ വൈദ്യസഹായം തേടാനും കഴിയുന്നതും സർക്കാർ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താനും ശ്രദ്ധിക്കണമെന്നും അവർ പറഞ്ഞു. പൊന്നുരുന്നി സഹൃദയ ഓഡിറ്റോറിയത്തിൽ നടത്തിയ ക്യാമ്പിൽ സഹൃദയ ഡയറക്ടർ ഫാ. ആന്റണി പുതിയാപറമ്പിൽ അധ്യക്ഷനായിരുന്നു. സീനിയർ സിറ്റിസൺ ഫോറം പ്രസിഡന്റ് ജി രാധാകൃഷ്ണൻ നായർ, ടി.എൻ. സുബ്രഹ്മണ്യം, സി.ഡി. ബാബു, കെ.എസ്. വേണുകുമാർ എന്നിവർ സംസാരിച്ചു.



സിഎംഎഫ്ആർഐയിൽ നടന്ന ലോക സമുദ്രദിനാചരണ പരിപാടിയിൽ ഫിഷറീസ് മന്ത്രി വി ഇ അബ്ദുൽ ഗഫൂർ സംസാരിക്കുന്നു.

# മത്സ്യമേഖലയിൽ നോളജ് ക്ലസ്റ്റർ പരിഗണനയിലെന്ന് ഫിഷറീസ് മന്ത്രി

## സിഎംഎഫ്ആർഐയിൽ ലോക സമുദ്രദിനാചരണം

**കൊച്ചി:** മത്സ്യമേഖലയിലെ ഗവേഷണ ഫലങ്ങളും സാങ്കേതിക വിദ്യകളും പരസ്പരം പങ്കുവെക്കുന്നതിനായി വിവിധ ഗവേഷണ സ്ഥാപനങ്ങളെയും ഏജൻസികളെയും കോർത്തിണക്കി 'നോളജ് ക്ലസ്റ്റർ' സർക്കാറിന്റെ പരിഗണയയിലെന്ന് ഫിഷറീസ് വകുപ്പ് മന്ത്രി വി ഇ അബ്ദുൽ ഗഫൂർ. ഇതിന്റെ സാധ്യതകൾ സർക്കാർ പരിശോധ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) സംഘടിപ്പിച്ച ലോക സമുദ്ര ദിനാചരണ ചടങ്ങിൽ സംസാരിക്കുകയായിരുന്നു അബ്ദുൽ ഗഫൂർ.

കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെ മത്സ്യബന്ധന മേഖല നേരിടുന്ന വെല്ലുവിളികളെ നേരിടാൻ ഈ കൂട്ടായ്മ സഹായിക്കുമെന്ന് മന്ത്രി പറഞ്ഞു. സുസ്ഥിരമായ മത്സ്യബന്ധന മാനേജ്മെന്റിനായി സംയുക്ത ഗവേഷണങ്ങൾക്കും ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങൾക്കും ഈ ക്ലസ്റ്റർ വഴിതുറക്കും. ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിലായിരിക്കും ഈ ഏകോപനം നടപ്പിലാക്കുക. കാലാവസ്ഥാ വ്യതിയാനവും അത് മൂലമുണ്ടാകുന്ന പ്രതികൂല കാലാവസ്ഥയും മത്സ്യബന്ധന മേഖലയ്ക്ക് വലിയ ഭീഷണിയാണ്. ഒരുകാലത്ത് സമൃദ്ധമായി ലഭിച്ചിരുന്ന പല മത്സ്യങ്ങളുടെയും ലഭ്യതയിൽ ഇപ്പോൾ വലിയ കുറവുണ്ടാകുന്നുണ്ട്.

സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് അധ്യക്ഷത വഹിച്ചു. സിഎംഎഫ്ആർഐയുടെ ഏറ്റവും പുതിയ പ്രസിദ്ധീകരണങ്ങൾ മന്ത്രി പ്രകാശനം ചെയ്തു. ഡോ ശോഭ ജോ കിഴക്കൂടൻ പ്രസംഗിച്ചു.

മുനമ്പം ഫിഷറീസ് ഹാർബർ വികസനം സിഎംഎഫ്ആർഐയിൽ നടന്ന അവലോകന യോഗത്തിൽ മുനമ്പം ഫിഷറീസ് ഹാർബർ വികസനത്തിനായുള്ള പ്രാഥമിക പദ്ധതി നിർദ്ദേശം മന്ത്രി അബദുൽ ഗഫൂർ വിലയിരുത്തി. 200 കോടി രൂപ ചെലവഴിച്ചുള്ള ഈ പദ്ധതിയിലൂടെ മുനമ്പം ഹാർബറിനെ അന്താരാഷ്ട്ര കയറ്റുമതി നിലവാരമുള്ള ആധുനിക സൗകര്യങ്ങളിലേക്ക് ഉയർത്തുകയാണ് ലക്ഷ്യം.

കൊച്ചി ഹാർബറിന്റെ മാതൃകയിൽ 12 മീറ്റർ വീതിയുള്ള റോഡുകളും വൻകിട വാഹനങ്ങൾക്കായി മൾട്ടിലെവൽ പാർക്കിങ് സൗകര്യങ്ങളും ഒരുക്കും.

പരിസ്ഥിതി സൗഹൃദ ഇൻഫ്രാസ്ട്രക്ചർ, ആധുനിക മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഊർജ്ജക്ഷമതയുള്ള സൗകര്യങ്ങൾ എന്നിവയോടെ 'ഗ്രീൻ സ്മാർട്ട് ഹാർബർ' ആയി വികസിപ്പിക്കും. നാവിക സുരക്ഷ ഉറപ്പാക്കാൻ പുതിയ സിഗ്നൽ സ്റ്റേഷൻ സ്ഥാപിക്കും.

പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന, സാഗർമാല തുടങ്ങിയ കേന്ദ്ര പദ്ധതികളിൽ നിന്നും ധനസഹായം ഉറപ്പാക്കുന്നതിനായി ഒരു മാസത്തിനകം ഹാർബറിന്റെ 3ഡി പ്രൊജക്റ്റ് മോഡൽ തയ്യാറാക്കും.

അടുത്ത അവലോകന യോഗം ഒരു മാസത്തിനുള്ളിൽ നടക്കും. ഹൈബി ഈഡൻ എംപി, ടോണി ചമ്മിണി എംഎൽഎ, ജില്ലാ കളക്ടർ ജി. പ്രിയങ്ക, ഫിഷറീസ് അഡിഷണൽ ഡയറക്ടർ സ്മിത ആർ. നായർ, ഫിഷറീസ് ജോയിന്റ് ഡയറക്ടർ ആശ അഗസ്റ്റിൻ തുടങ്ങിയവരും ഫിഷറീസ്ഹാർബർ എൻജിനീയറിങ് വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരും പങ്കെടുത്തു.

# അറ്റ്ലാന്റിസ്, വടുതല റെയിൽവേ മേൽപ്പാല പദ്ധതികൾ: മുന്നൊരുക്ക പ്രവർത്തനങ്ങൾ വിലയിരുത്തി

**കൊച്ചി:** നഗരത്തിലെ ഗതാഗത സംവിധാനത്തിൽ വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്ന അറ്റ്ലാന്റിസ് റെയിൽവേ മേൽപ്പാലവും വടുതല റെയിൽവേ മേൽപ്പാലവും സംബന്ധിച്ച മുന്നൊരുക്ക പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ടി.ജെ. വിനോദ് എം.എൽ.എയുടെ അധ്യക്ഷതയിൽ ആർ.ബി.ഡി.സി.കെ ഓഫീസിൽ ഉദ്യോഗസ്ഥരുടെ യോഗം ചേർന്നു.

പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുൻപായി പൂർത്തീകരിക്കേണ്ട വിവിധ നടപടിക്രമങ്ങളും സാങ്കേതിക വിഷയങ്ങളും യോഗത്തിൽ വിശദമായി ചർച്ച ചെയ്തു. ഓരോ പ്രവർത്തനവും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കും കൃത്യമായ സമയപരിധി നിശ്ചയിച്ച് നൽകുകയും ചെയ്തു.

അറ്റ്ലാന്റിസ്, വടുതല റെയിൽവേ മേൽപ്പാലങ്ങൾ യാഥാർഥ്യമാകുന്നതോടെ നഗരത്തിലെ പ്രധാന ഗതാഗതക്കുരുക്കുകൾക്ക് പരിഹാരമാകുകയും കൊച്ചി നഗരത്തിന്റെ ഗതാഗത ഭൂപടത്തിൽ തന്നെ ശ്രദ്ധേയമായ മാറ്റങ്ങൾ ഉണ്ടാകുകയും ചെയ്യുമെന്ന് യോഗം വിലയിരുത്തി.

കൗൺസിലർ കെ. എക്സ്. ഫ്രാൻസിസ്, ആർ.ബി.ഡി.സി.കെ ഡെപ്യൂട്ടി ജനറൽ മാനേജർ, കിറ്റ്കോ ഉദ്യോഗസ്ഥർ, ബന്ധപ്പെട്ട തഹസിൽദാർമാർ, വില്ലേജ് ഓഫീസർമാർ എന്നിവരുൾപ്പെടെയുള്ള ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുത്തു.

നിശ്ചയിച്ചിട്ടുള്ള പ്രവർത്തനങ്ങളുടെ പുരോഗതി അടുത്ത അവലോകന യോഗത്തിൽ വിശദമായി പരിശോധിച്ച് വിലയിരുത്തുമെന്നും, പദ്ധതികൾ സമയബന്ധിതമായി യാഥാർഥ്യമാക്കുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തുമെന്നും യോഗത്തിൽ തീരുമാനിച്ചു.



# ഇന്നോവ ക്രിസ്റ്റ പുത്തൻ മാറ്റങ്ങളോടെ വിപണിയിൽ, വില 19.72 ലക്ഷം രൂപ മുതൽ




ടൊയോട്ടയുടെ വിശ്വസ്തൻ എംപിവി ഇന്നോവ ക്രിസ്റ്റ കൂടുതൽ സ്റ്റൈലിഷായി എത്തി. രൂപഭംഗിയിലും ഫീച്ചറുകളിലും മാറ്റങ്ങൾ വരുത്തിയ 2026 മോഡൽ ക്രിസ്റ്റ ടൊയോട്ട വിപണിയിലിറക്കി. 19.72 ലക്ഷം രൂപ മുതൽ 26.63 ലക്ഷം രൂപ വരെയാണ് വിവിധ മോഡലുകളുടെ എക്സ്ഷോറൂം വില.
നിലവിലെ മോഡലുകളെക്കാൾ 32,000 രൂപ മുതൽ 83,000 രൂപ വരെ വില വർധിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ ഈ ലെജൻഡറി എംപവി വിപണിയോട് വിടപറയുമെന്ന സൂചനകൾ ശക്തമായതിനാൽ, ക്രിസ്റ്റയ്ക്ക് ടൊയോട്ട നൽകുന്ന അവസാന മുഖംമിനുക്കലായിരിക്കും ഇതെന്നാണ് സൂചന.

### മാറ്റങ്ങൾ പുറത്തും അകത്തും



കാഴ്ചയിൽ കൂടുതൽ ഗാംഭീര്യമുള്ള മുൻ ഗ്രില്ലും ക്രോം ഫിനിഷോടു കൂടിയ പുതിയ ബമ്പറുമാണ് പ്രധാന ആകർഷണം. വശങ്ങളിലും പിൻ ബമ്പറിലും ക്രോം ഗാർണിഷുകൾ നൽകി വാഹനം കൂടുതൽ പ്രീമിയമാക്കിയിട്ടുണ്ട്.
ഉള്ളിലേക്ക് കയറിയാൽ ഗ്രേസ് കോപ്പർ തീമിലുള്ള പുതിയ ഡ്യുവൽടോൺ സീറ്റുകളും സ്റ്റിയറിങ് വീലിലും ഡോർ ട്രിമ്മുകളിലും വന്നിട്ടുള്ള കോപ്പർ ടച്ചും യാത്രാസുഖത്തിനൊപ്പം ലക്ഷ്വറി ഫീലും സമ്മാനിക്കും. എസി കൺട്രോളുകളിലും സ്വിച്ചുകളിലും പുതിയ ഡിസൈൻ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

### ഫീച്ചറുകളിലെ പുതുമ

വിഎക്സ് , ഇസഡ്എക്സ് മോഡലുകളിൽ വയർലെസ് സ്മാർട്ട്ഫോൺ ചാർജർ നൽകിയിരിക്കുന്നു. രണ്ടാം നിരയിലെ യാത്രക്കാർക്കായി പ്രത്യേകം വയർലെസ് ചാർജറും സീറ്റ് ബാക്ക് ടേബിളും ആക്സസറിയായി തിരഞ്ഞെടുക്കാം.
ഇസഡ്എക്സ് ട്രിമ്മിൽ ടയർ പ്രഷർ മോണിറ്ററിംഗ് സിസ്റ്റം . കൂടാതെ ഉയർന്ന വകഭേദങ്ങളിൽ 7 എയർബാഗുകൾ, എബിഎസ്, ഇബിഡി, ഹിൽ സ്റ്റാർട്ട് അസിസ്റ്റ്, ആംബിയന്റ് ലൈറ്റിംഗ്, ക്രൂയിസ് കൺട്രോൾ, 8 രീതിയിൽ അഡ്ജസ്റ്റ് ചെയ്യാവുന്ന പവർഡ് ഡ്രൈവർ സീറ്റ് എന്നിവ വകഭേദങ്ങൾക്കനുസരിച്ച് ലഭ്യമാകും.

### മാറ്റമില്ലാത്ത കരുത്ത്

എൻജിൻ കരുത്തിൽ ടൊയോട്ട പരീക്ഷണങ്ങൾക്ക് മുതിർന്നിട്ടില്ല. വിശ്വസ്തത തെളിയിച്ച 150 എച്ച്പി കരുത്തും 343 എൻഎം ടോർക്കും ഉത്പാദിപ്പിക്കുന്ന 2.4 ലിറ്റർ ഡീസൽ എൻജിൻ തന്നെയാണ് പുതിയ ക്രിസ്റ്റയ്ക്കും കരുത്ത് പകരുന്നത്. 5സ്പീഡ് മാനുവൽ ഗിയർബോക്സാണ് വാഹനത്തിനുള്ളത്. മികച്ച ഇന്ധനക്ഷമതയ്ക്കും പെർഫോമൻസിനുമായി ഇക്കോ, പവർ ഡ്രൈവ് മോഡുകളും തുടരുന്നുണ്ട്.

# ടാറ്റ എസ്യുവി നെക്സോണിന്റെ വിൽപ്പന കുതിച്ചുയരുന്നു

ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിറ്റഴിക്കപ്പെടുന്ന കാറുകളിൽ ഒന്നായി ടാറ്റ നെക്സോണിന്റെ കുതിപ്പ് തുടരുകയാണ്. ഡിസയറിനോടും സഹോദരൻ പഞ്ചിനോടും ഒന്നാം സ്ഥാനം പലതവണ നഷ്ടപ്പെട്ടുവെങ്കിലും ഇവർക്ക് പിന്നിലെ സ്ഥിരം സാന്നിധ്യമാണ് കക്ഷി. ഇന്ത്യയിലെ സബ്4 മീറ്റർ കോംപാക്ട് എസ്യുവി വിപണിയിൽ ഏറ്റവും കൂടുതൽ വിറ്റഴിയുന്ന മോഡലായ നെക്സോൺ വിപണിയിലെത്തിയിട്ട് ഏറെക്കാലമായെങ്കിലും ഇന്നും ചൂടപ്പം പോലെയാണ് വിറ്റഴിയുന്നത്. പെട്രോൾ, ഡീസൽ, സിഎൻജി, ഇവി എന്നിങ്ങനെ ഒന്നിലധികം ഫ്യുവൽ ഓപ്ഷനുകളിൽ വാങ്ങാനാവുന്ന അപൂർവ എസ്യുവികളിൽ ഒന്നുകൂടിയാണിത്. ഒപ്പം നല്ല സേഫ്റ്റി, മികച്ച നിർമാണ നിലവാരം, അടിപൊളി ഡിസൈൻ, മോഡേൺ ഫീച്ചറുകൾ, കുറഞ്ഞ വില എന്നിവ കൂടിയാവുമ്പോൾ സംഗതി കളറാവുന്നുണ്ട്. 2026 മെയ് മാസത്തിൽ നെക്സോണിന്റെ 19,100 യൂണിറ്റുകളാണ് ടാറ്റ മോട്ടോർസ് നിരത്തിലെത്തിച്ചത്. കഴിഞ്ഞ വർഷം ഇതേമാസവുമായി താരതമ്യം ചെയ്യുമ്പോൾ വാർഷിക വിൽപ്പനയിൽ നെക്സോണിന് 46 ശതമാനത്തിന്റെ വർധനവാണ് കൈവരിക്കാനായിരിക്കുന്നത്.

കഴിഞ്ഞ മാസം രാജ്യത്ത് ഏറ്റവും കൂടുതൽ വിറ്റഴിപ്പെട്ട കാറുകളുടെ പട്ടികയിൽ നെക്സോണിന് അഞ്ചാം സ്ഥാനവും കൈവരിക്കാനായി. മാരുതി ഡിസയർ, മാരുതി ഫ്രോങ്ക്സ്, മാരുതി എർട്ടിഗ, ടാറ്റ പഞ്ച് തുടങ്ങിയ മോഡലുകളാണ് നെക്സോണിനേക്കാളും കൂടുതൽ വിറ്റഴിക്കപ്പെട്ടിട്ടുള്ളത്. ഇന്ത്യയിൽ ആദ്യമായി വോയ്സ് അസിസ്റ്റഡ് പനോരമിക് സൺറൂഫിനെ 10 ലക്ഷം രൂപയിൽ താഴെ വിലയിൽ വാഗ്ദാനം ചെയ്തുകൊണ്ട് അടുത്തിടെ പുത്തൻ വേരിയന്റ് കൊണ്ടുവന്നത് ഉൾപ്പടെയുള്ള തീരുമാനം എസ്യുവിയുടെ വിൽപ്പന കൂടാൻ സഹായിച്ചിട്ടുണ്ടാവണം. ഇതിന് പുറമെ 7 ഇഞ്ച് ടച്ച്സ്ക്രീൻ, ആൻഡ്രോയിഡ് ഓട്ടോ, ആപ്പിൾ കാർപ്ലേ, ക്രൂയിസ് കൺട്രോൾ, റിയർ എസി വെന്റുകളോട് കൂടിയ ഓട്ടോ എസി, സൺറൂഫ്, റെയിൻ സെൻസിംഗ് വൈപ്പറുകൾ, പോലുള്ള മോഡേൺ ഫീച്ചറുകളും ടാറ്റ മോട്ടോർസ് നെക്സോണിൽ കുത്തിനിറച്ചിട്ടുണ്ട്. ക്രാഷ് ടെസ്റ്റുകളിൽ 5സ്റ്റാർ സേഫ്റ്റി റേറ്റിംഗ് നേടിയിട്ടുള്ള എസ്യുവിയിൽ 6 എയർബാഗുകൾ ചൈൽഡ് സീറ്റ് ആങ്കറേജുകൾ എന്നിവയെല്ലാം സ്റ്റാൻഡേർഡായി ലഭിക്കും.




കഴിഞ്ഞ വർഷം ADAS സംവിധാനം ചേർത്തുകൊണ്ട് ടാറ്റ നെക്സോണിനെ കമ്പനി പരിഷ്ക്കരിച്ചിരുന്നു. ഈ അപ്ഡേറ്റിലൂടെ ADAS ടെക് ലഭിക്കുന്ന ഈ സെഗ്മെന്റിലെ ഏറ്റവും താങ്ങാനാവുന്ന എസ്യുവികളിൽ ഒന്നായി മാറാനും നെക്സോണിനായി. ഓട്ടോണമസ് എമർജൻസി ബ്രേക്കിംഗ്, ഫോർവേഡ് കൊളിഷൻ വാണിംഗ്, ലെയ്ൻ ഡിപ്പാർച്ചർ വാണിംഗ്, ലെയ്ൻ കീപ്പ് അസിസ്റ്റ്, ട്രാഫിക് സൈൻ റെക്കഗ്നിഷൻ, ഹൈ ബീം അസിസ്റ്റ് എന്നീ സവിശേഷതകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 1.2 ലിറ്റർ ടർബോ പെട്രോൾ, 1.5 ലിറ്റർ ഡീസൽ എഞ്ചിൻ ഓപ്ഷനുകളാണ് നെക്സോണിന് തുടിപ്പേകാൻ എത്തുന്നത്. ഇതിൽ പെട്രോളിനൊപ്പം സിഎൻജി ബൈ ഫ്യുവൽ ഓപ്ഷനും ആളുകൾക്ക് തെരഞ്ഞെടുക്കാനാവും. ടിൻ സിലിണ്ടർ സംവിധാനവുമായി വരുന്ന ഇതിന്റെ മൈലേജ് തന്നെയാണ് ഹൈലൈറ്റ്. പെർഫോമൻസ് കണക്കുകളിലേക്ക് നോക്കിയാൽ ആരേയും മടുപ്പിക്കാത്ത ഡ്രൈവിംഗ് എക്സ്പീരിയൻസാണ് നൽകാനാവുക. നെക്സോണിലെ ടർബോ പെട്രോൾ യൂണിറ്റ് 118 bhp പവറിൽ പരമാവധി 170 Nm ടോർക്ക് വരെ ഉത്പാദിപ്പിക്കാൻ ശേഷിയുള്ളതാണ്. ടാറ്റയുടെ ഡീസൽ എഞ്ചിനാവട്ടെ 116 യവു കരുത്തിൽ 260 ചാ ടോർക്ക് വരെയും നിർമിക്കാൻ യോഗ്യമാണ്. ഇനി ഗിയർബോക്സ് ഓപ്ഷനിലേക്ക് വന്നാലും വൈവിധ്യമാർന്ന ചോയ്സുകളാണ് ടാറ്റ നെക്സോൺ വാഗ്ദാനം ചെയ്യുന്നത്. തെരഞ്ഞെടുക്കുന്ന വേരിയന്റിനെ ആശ്രയിച്ച് എഞ്ചിന് 5 സ്പീഡ് മാനുവൽ, 6സ്പീഡ് മാനുവൽ, 6സ്പീഡ് എഎംടി, പുതിയ 7സ്പീഡ് ഡ്യുവൽ ക്ലച്ച് ഓട്ടോമാറ്റിക് ഗിയർബോക്സ് ഓപ്ഷനുകളാണ് എസ്യുവിയിൽ വാങ്ങാനാവുക. 7.37 ലക്ഷം മുതൽ 14.22 ലക്ഷം രൂപ വരെയാണ് ടാറ്റ നെക്സോണിന് നിലവിൽ മുടക്കേണ്ടി വരുന്ന എക്സ്ഷോറൂം വില.



## വിനോദസഞ്ചാരികളുടെ കുറവ്

# ദുബായിലെ ആഡംബര ഹോട്ടലുകൾ നിരക്കുകൾ നാലിലൊന്നായി കുറച്ചു

**ദുബായ്:** മധ്യപൂർവേഷ്യൻ രാജ്യങ്ങളിൽ ഉണ്ടായ യുദ്ധത്തെ തുടർന്ന് വിനോദസഞ്ചാരികളുടെ എണ്ണം കുറഞ്ഞതോടെ,ദുബായിലെ ആഡംബര സൗകര്യങ്ങൾ കുറഞ്ഞ ചിലവിൽ ആസ്വദിക്കുകയാണ് അവിടുത്തെ സാധാരണക്കാർ. 173 പഞ്ചനക്ഷത്ര ഹോട്ടലുകൾ ഉൾപ്പെടെ ആകെ 827 ഹോട്ടലുകളാണ് ഈ ചെറിയ എമിറേറ്റിലുള്ളത്. കടലിനു മുകളിലെ വില്ലകൾ, ഇൻഫിനിറ്റി പൂളുകൾ, സ്വകാര്യ ബീച്ചുകൾ എന്നിവയെല്ലാം ഇപ്പോൾ ബജറ്റ് വിലയിൽ ലഭ്യമാണ്. യുദ്ധ പശ്ചാത്തലത്തിൽ ആഡംബര സൗകര്യങ്ങൾ സാധാരണക്കാർക്ക് കൂടി താങ്ങാൻ പറ്റുന്ന വിലയിലേക്ക് മാറിയതോടെ യുഎഇ നിവാസികൾ ഇത് പരമാവധി പ്രയോജനപ്പെടുത്തുന്നു.

ദുബായിലെ പാം ജുമൈറ ദ്വീപിലെ പഞ്ചനക്ഷത്ര ഹോട്ടലുകളുടെ കൂറ്റൻ ലോബികളിൽ വാരാന്ത്യങ്ങളിലും പൊതുഅവധി ദിവസങ്ങളിലും യുഎഇ നിവാസികളുടെ വരവോടെ വീണ്ടും ജീവൻ വച്ചുതുടങ്ങിയിട്ടുണ്ട്. മുൻപെങ്ങുമില്ലാത്ത തരത്തിലുള്ള വൻകിട ഓഫറുകളിൽ ആകൃഷ്ടരായാണ് സ്വദേശികളും വിദേശികളുമായ താമസക്കാർ ഇവിടെയെത്തുന്നത്.

സഞ്ചാരികൾ നിറഞ്ഞൊഴുകുന്ന മുൻകാലങ്ങളിലെ അത്രയും തിരക്കൊന്നും ഇപ്പോൾ ഹോട്ടലുകളിൽ ഇല്ല. അതിഥികളുടെ കുറവുമൂലം പല നിലകളും അടച്ചിട്ടിരിക്കുകയാണ്. എങ്കിലും, യുഎഇ നിവാസികൾക്കായുള്ള പ്രത്യേക ഡിസ്കൗണ്ട് നിരക്കിൽ സാധാരണ വിലയുടെ നാലിലൊന്ന് തുകയ്ക്ക് റൂമുകൾ ലഭിച്ചതോടെയാണ് ദുബായിലെ ആഡംബരം ഇപ്പോൾ സാധാരണക്കാർക്കും പ്രാപ്യമായിരിക്കുന്നു.

2025ൽ 19.5 ദശലക്ഷം വിനോദസഞ്ചാരികളെ ആകർഷിച്ചുകൊണ്ട് ദുബായ് മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രമായി പാം ജുമൈറ മാറിയിരുന്നു. അക്കാലത്ത് 173 പഞ്ചനക്ഷത്ര ഹോട്ടലുകൾ ഉൾപ്പെടെയുള്ള 827 ഹോട്ടലുകളിൽ 80 ശതമാനത്തിലധികം ബുക്കിംഗ് ഉണ്ടായിരുന്നു. എന്നാൽ ഫെബ്രുവരി 28ന് ഇറാനെതിരെ ഇസ്രായേലും അമേരിക്കയും ആരംഭിച്ച യുദ്ധം ഗൾഫ് മേഖലയിലേക്ക് വ്യാപിച്ചതോടെ ദുബായിയുടെ സുരക്ഷിതത്വമെന്ന പ്രതിച്ഛായയ്ക്ക് മങ്ങലേറ്റു.

കടലിനു മുകളിലെ വില്ലകളും കൃത്രിമ തടാകങ്ങളും തായ് ശൈലിയിലുള്ള അലങ്കാരങ്ങളുമുള്ള ഈ ഹോട്ടൽ, പ്രാദേശിക താമസക്കാർക്കായി 50% വരെ ഇളവുകളാണ് ഇപ്പോൾ വാഗ്ദാനം ചെയ്യുന്നത്. വാരാന്ത്യങ്ങളിൽ, പ്രത്യേകിച്ച് ശനിയാഴ്ച രാത്രികളിൽ സാധാരണയായി 90% കൂടുതൽ ബുക്കിംഗ് ലഭിക്കാറുണ്ട്,എന്നാൽ തിങ്കൾ മുതൽ വ്യാഴം വരെയുള്ള ദിവസങ്ങളിൽ ഇത് 20% അല്ലെങ്കിൽ 30% ആയി കുറയുന്നുവെന്ന് വ്യക്തമാക്കുന്നു.

ഈ പുതിയ പ്രാദേശിക ഉപഭോക്താക്കൾ ഹോട്ടലുകൾക്ക് ഒരു വലിയ ആശ്വാസമാണ്. എങ്കിലും പ്രാദേശിക നിവാസികൾ ഭൂരിഭാഗവും സ്വന്തം കാറുകളിലാണ് വരുന്നത് എന്നതിനാൽ പാർക്കിംഗ് ഉൾപ്പെടെയുള്ള ചില പ്രായോഗിക ബുദ്ധിമുട്ടുകൾ ഹോട്ടലുകൾ നേരിടുന്നുണ്ട്. കൂടാതെ, വിദേശ വിനോദസഞ്ചാരികളുടെ കുറവുകൊണ്ടുള്ള സാമ്പത്തിക നഷ്ടം പൂർണമായും നികത്താൻ ഇവർക്ക് സാധിക്കുന്നില്ല.

ഏറ്റവും വലിയ വ്യത്യാസം താമസിക്കുന്ന ദിവസങ്ങളുടെ എണ്ണത്തിലാണ്. പ്രാദേശിക അതിഥികൾ ഒന്നോ രണ്ടോ രാത്രികൾക്കായി മാത്രമാണ് വരുന്നത്. എന്നാൽ അന്താരാഷ്ട്ര വിനോദസഞ്ചാരികൾ സാധാരണയായി ഒരാഴ്ച, പത്ത് ദിവസം, അല്ലെങ്കിൽ ചിലപ്പോൾ രണ്ടാഴ്ച വരെ ഇവിടെ താമസിക്കാറുണ്ട്.

സ്കൂൾ അവധിക്കാലം ആരംഭിക്കുകയും പല കുടുംബങ്ങളും വേനൽക്കാലത്ത് ദുബായ് വിട്ടുപോവുകയും ചെയ്യുന്ന ജൂലൈ മാസം വരെ ഈ സാഹചര്യം നീണ്ടുനിന്നാൽ സ്റ്റേക്കേഷനുകളുടെ ആവശ്യകത കുറയും. ബുർജ് അൽ അറബ് ഉൾപ്പെടെയുള്ള ചില പ്രമുഖ ഹോട്ടലുകൾ തിരക്ക് കുറഞ്ഞ ഈ സമയം പ്രയോജനപ്പെടുത്തികൊണ്ട് താത്കാലികമായി അടച്ചിട്ട് നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബിസിനസ്സ് ടൂറിസത്തെ കൂടുതൽ ആശ്രയിക്കുന്ന സിറ്റി സെൻറർ ഹോട്ടലുകൾ ജീവനക്കാരുടെ എണ്ണത്തിലും ശമ്പളത്തിലും കുറവ് വരുത്തിയിട്ടുണ്ട്.

## അക്കൗണ്ടിൽ പണമില്ലെങ്കിലും ഇനി പേമെൻറ് നടത്താം; പുതിയ സേവനങ്ങളുമായി ഭാരത് പേ

**കൊച്ചി:** ഇനി പണമില്ലെങ്കിലും ക്യുആർ കോഡ് സ്കാൻ ചെയ്ത് സാധനങ്ങൾ വാങ്ങാനാവും. പ്രമുഖ യുപിഐ പ്ലാറ്റ്ഫോമായ ഭാരത് പേയാണ് ഈ സേവനം നൽകുന്നത്. 'ഭാരത്പേ ഫ്ളെക്സ്' എന്ന പേരിലാണ് ഉപയോക്താക്കൾക്കായി പുതിയ ക്രെഡിറ്റ്ഓൺയുപിഐ സേവനം അവതരിപ്പിച്ചിരിക്കുന്നത്.

യെസ് ബാങ്കുമായി സഹകരിച്ചാണ് കമ്പനി ഈ പുതിയ സൗകര്യം ഒരുക്കിയിരിക്കുന്നത്. മുൻകൂട്ടി അനുമതി ലഭിച്ച ഡിജിറ്റൽ ക്രെഡിറ്റ് പരിധി ഉപയോഗിച്ച് യുപിഐ വഴി തത്സമയം പണമിടപാടുകൾ നടത്താൻ സഹായിക്കുന്നതാണ് ഈ സംവിധാനം. ബിൽ പേമെൻറുകൾ, ഇന്ധനത്തിനായുള്ള പേയ്മെൻറുകൾ, ഓൺലൈൻ ഇടപാടുകൾ, ഷോപ്പിങ്, ക്യുആർ കോഡ് സ്കാൻ ചെയ്തുള്ള പേമെൻറുകൾ, യാത്രകൾ, മറ്റ് ദൈനംദിന ചെലവുകൾ എന്നിവ അക്കൗണ്ടിൽ പണമില്ലെങ്കിലും ഈ സൗകര്യം പ്രയോജനപ്പെടുത്തി നിർവഹിക്കാൻ കഴിയുന്ന തരത്തിലാണ് ക്രമീകരണം.

ഉപഭോക്താക്കളുടെ തിരിച്ചടവ് താൽപ്പര്യത്തിനനുസരിച്ച്, ബില്ലിങ് സൈക്കിളിനുള്ളിൽ തുക പൂർണമായി അടയ്ക്കാനോ അല്ലെങ്കിൽ ചെലവഴിച്ച തുക ഇഎംഐ ആയി മാറ്റാനോ ഉള്ള ഓപ്ഷൻ ഭാരത്പേ ഫ്ലെക്സിലുണ്ട്. 45 ദിവസം വരെ പലിശ രഹിതമായി പണം പൂർണമായി അടച്ചു തീർക്കാനുള്ള സൗകര്യവുമുണ്ട്.

പണം കൈയിലില്ലാത്ത അവസരങ്ങളിൽ ആവശ്യകാര്യങ്ങൾ നിർവഹിക്കാൻ ഇത് വളരെ ഉപകാരമായിരിക്കും. നിലവിൽ ക്രെഡിറ്റ് കാർഡുകൾ ഇല്ലാത്തവർക്കും ഡിജിറ്റൽ ഇടപാടുകളിൽ സജീവമായവർക്കും ഇതൊരു മികച്ച ബദൽ മാർഗമാണ്. ഭാരത്പേ ആപ്പിലൂടെ പൂർണമായും ഡിജിറ്റലായുള്ള കെവൈസി പ്രക്രിയ പൂർത്തിയാക്കുന്നതിലൂടെ അർഹരായ ഉപഭോക്താക്കൾക്ക് മിനിറ്റുകൾക്കകം ഈ ക്രെഡിറ്റ് ലൈൻ ലഭ്യമാകും. ഭാരത്പേ ആപ്പ് വഴി തന്നെ ഉപഭോക്താക്കൾക്ക് ചെലവുകൾ, കുടിശികകൾ, തിരിച്ചടവ് തീയതികൾ എന്നിവ കൃത്യമായി ട്രാക്ക് ചെയ്യാനും സാധിക്കും.

## ഒറ്റയടിക്ക് 1080 രൂപയുടെ വർധന; സ്വർണവില വീണ്ടും 1,12,000ന് മുകളിൽ



**കൊച്ചി:** സംസ്ഥാനത്ത് കഴിഞ്ഞ ഏതാനും ദിവസങ്ങളിലായി ഇടിവ് നേരിട്ട സ്വർണവിലയിൽ ഇന്നലെ വർധന. പവന് ഒറ്റയടിക്ക് 1080 രൂപയാണ് വർധിച്ചത്. 1,12,320 രൂപയാണ് ഒരു പവൻ സ്വർണത്തിന്റെ വില. ഗ്രാമിന് ആനുപാതികമായി 135 രൂപയാണ് വർധിച്ചത്. 14,040 രൂപയാണ് ഒരു ഗ്രാം സ്വർണത്തിന്റെ വില.

ഇസ്രയേൽ ഇറാൻ സംഘർഷം കുറഞ്ഞതിനെ തുടർന്ന് ഇന്ന് എണ്ണവിലയിൽ ഇടിവ് രേഖപ്പെടുത്തി. ഇന്ത്യ മുഖ്യമായി ആശ്രയിക്കുന്ന ബ്രെൻഡ് ക്രൂഡിന്റെ വില ബാരലിന് 93 ഡോളറിലേക്ക് നീങ്ങുകയാണ്. പശ്ചിമേഷ്യൻ സംഘർഷവും എണ്ണവില ഇടിവും അടക്കമുള്ള വിഷയങ്ങളാണ് സ്വർണവിലയിൽ പ്രതിഫലിച്ചത്. കഴിഞ്ഞ ഏതാനും ദിവസങ്ങൾക്കിടെ 3000 രൂപയിലധികമാണ് സ്വർണവിലയിൽ ഇടിവ് ഉണ്ടായത്. ഇതിന് പിന്നാലെയാണ് ഇന്നലെ സ്വർണവില തിരിച്ചുകയറിയത്.

# കേരള റീട്ടെയ്ൽ കോൺക്ലേവ് 12ന് കൊച്ചിയിൽ; പുരസ്കാരങ്ങളും വിതരണം ചെയ്യും

**കൊച്ചി:** റീട്ടെയ്ൽ മേഖലയിലെ ആധുനിക മാറ്റങ്ങളെയും പുതിയ സാധ്യതകളെയും കുറിച്ച് ചർച്ച ചെയ്യുന്ന 'കേരള റീട്ടെയ്ൽ കോൺക്ലേവ് 2026' ജൂൺ 12 ന് കൊച്ചിയിൽ നടക്കും. രാജ്യാന്തര നിയമ സ്ഥാപനമായ അൾട്ടാസിറ്റ് ഗ്ലോബലും കൊച്ചിൻ ചേംബർ ഓഫ് കൊമേഴ്സും സംയുക്തമായാണ് റാഡിസൺ ബ്ലൂ ഹോട്ടലിൽ ഈ പരിപാടി സംഘടിപ്പിക്കുന്നത്. ഇതോടൊപ്പം റീട്ടെയ്ൽ രംഗത്തെ മികച്ച നേട്ടങ്ങൾക്കുള്ള 'സ്പൈസ് കോസ്റ്റ് എക്സലൻസ്' പുരസ്കാരങ്ങളും വിതരണം ചെയ്യും.

വൈകുന്നേരം 5.30ന് ആരംഭിക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ മിൽമ ചെയർമാൻ കെ.എസ്. മണി മുഖ്യാതിഥിയാകും. കൊച്ചിൻ ചേംബർ പ്രസിഡൻറ് വിനോദിനി സുകുമാർ, അൾട്ടാസിറ്റ് ഗ്ലോബൽ അസോസിയേറ്റ് പാർട്ണർ അഡ്വ. മ




ഞ്ജു അമ്മനാഥ്, കൊച്ചിൻ ചേംബർ വൈസ് പ്രസിഡൻറ് ബിബു ബി. പുന്നൂരാൻ എന്നിവർ പ്രസംഗിക്കും.

തുടർന്ന് 'ഇന്ത്യയിലെ ഉപഭോക്തൃ സമ്പദ്‌വ്യവസ്ഥയുടെ ഡിജിറ്റൽ പരിണാമം' എന്ന വിഷയത്തിൽ പ്രമുഖർ പങ്കെടുക്കുന്ന പാനൽ ചർച്ച നടക്കും. എം1 മാർക്കറ്റിങ് സർവീസസ് ഡയറക്ടർ മഹാദേവൻ ജയറാം നിയന്ത്രിക്കുന്ന ചർച്ചയിൽ ഡോ. സുധീർ രാജ രവീന്ദ്രൻ (അൾട്ടാസിറ്റ് ഗ്ലോബൽ), ദീപക് അശ്വനി (അശ്വനി ലച്ച്മൻദാസ് ഗ്രൂപ്പ്), ജോസ് അലക്സ് (കപ്പോ ഫുഡ്), ശ്രീനാഥ് വിഷ്ണു (വി.എൻ.ജി. ഫുഡ്സ്), മൈക്കൽ ഡൊമിനിക് (സി.ജി.എച്ച്. എർത്ത്), കെ.എസ്. മണി (മിൽമ) എന്നിവർ പങ്കെടുക്കും. തുടർന്ന് സ്പൈസ് കോസ്റ്റ് എക്സലൻസ് പുരസ്കാരങ്ങൾ വിതരണം ചെയ്യും. അൾട്ടാസിറ്റ് ഗ്ലോബൽ മാർക്കറ്റിങ് ഹെഡ് പ്രീതി തോമസ് കൃതജ്ഞത പറയും.

സൊസൈറ്റി ടുഡേ
SOCIETY TODAY

### ഭിന്നശേഷിക്കാർക്ക് കുറഞ്ഞ പലിശയിൽ

# ഭവന, വാഹന വായ്പയുമായി പിഎൻബി ദിവ്യാംഗ് റിൻ പദ്ധതിക്ക് തുടക്കമായി

**ന്യൂഡൽഹി:** ഭിന്നശേഷിക്കാർക്ക് കുറഞ്ഞ പലിശനിരക്കിൽ ഭവന, വാഹന വായ്പകൾ ലഭ്യമാക്കുന്നതിനായി പഞ്ചാബ് നാഷണൽ ബാങ്ക് 'പിഎൻബി ദിവ്യാംഗ് റിൻ' എന്ന വായ്പാ പദ്ധതി അവതരിപ്പിച്ചു. നാഷണൽ ദിവ്യാംഗ്ജൻ ഫിനാൻസ് ആൻഡ് ഡെവലപ്മെന്റ് കോർപ്പറേഷനുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ ഭിന്നശേഷിക്കാരുടെ സാമ്പത്തിക സ്വാതന്ത്ര്യവും സുരക്ഷിതത്വവും ഉറപ്പാക്കുകയാണ് ബാങ്ക് ലക്ഷ്യമിടുന്നത്.

പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 50 ലക്ഷം രൂപ വരെ ഭവന വായ്പയായി ലഭിക്കും. കൂടാതെ ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കാൻ പാകത്തിൽ മാറ്റങ്ങൾ വരുത്തിയ ഇരുചക്ര വാഹനങ്ങൾക്ക് 1.50 ലക്ഷം രൂപ വരെയും ഫോർ വീലറുകൾക്ക് 50 ലക്ഷം രൂപ വരെയും വാഹന വായ്പയും അനുവദിക്കും. ഒരാൾക്ക് ലഭിക്കാവുന്ന പരമാവധി സംയുക്ത വായ്പാ പരിധി 50 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ക്രെഡിറ്റ് സ്കോർ പരിഗണിക്കാതെ തന്നെ പ്രതിവർഷം 5% മുതൽ ആരംഭിക്കുന്ന ലളിതമായ പലിശനിരക്കിലാണ് ഈ വായ്പകൾ അനുവദിക്കുന്നത് എന്നതാണ് പദ്ധതിയുടെ പ്രധാന ആകർഷണം.

40 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ള, സാധുവായ യുഡിഐഡി കാർഡോ എൻറോൾമെന്റ് രജിസ്ട്രേഷനോ ഉള്ള 21 വയസ്സിന് മുകളിലുള്ള ഇന്ത്യൻ പൗരന്മാർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ട്.ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായുള്ള കേന്ദ്ര സർക്കാർ ദർശനങ്ങൾക്ക് അനുസൃതമായാണ് ബാങ്ക് ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് പിഎൻബി റീട്ടെയിൽ അസറ്റ് ബിസിനസ് ഡിവിഷൻ ജനറൽ മാനേജർ സുബോധ് കുമാർ അറിയിച്ചു.കൂടുതൽ വിവരങ്ങൾക്ക് പൊതുജനങ്ങൾക്ക് അടുത്തുള്ള പഞ്ചാബ് നാഷണൽ ബാങ്ക് ശാഖകളെയോ pnb.bank.in എന്ന വെബ്സൈറ്റോ സന്ദർശിക്കുക.

### ആഗോള വിതരണ പ്രതിസന്ധിക്കിടയിലും

# തടസ്സമില്ലാതെ എച്ച്പിസിഎല്ലിന്റെ എൽപിജി വിതരണം

**മുംബൈ:** ഹോർമുസ് കടലിടുക്കിലെ പ്രതിസന്ധിയെ തുടർന്ന് ആഗോള എൽപിജി വിതരണ ശൃംഖല സമ്മർദ്ദത്തിലായ സാഹചര്യത്തിലും രാജ്യത്തെ കോടിക്കണക്കിന് കുടുംബങ്ങൾക്ക് തടസ്സമില്ലാതെ പാചകവാതക വിതരണം ഉറപ്പാക്കി ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (എച്ച്പിസിഎൽ). മേയ് 1 മുതൽ ജൂൺ 7 വരെ 9.13 കോടി ഉപഭോക്താക്കൾക്ക് 432.82 ലക്ഷം ഗാർഹിക എൽപിജി സിലിണ്ടറുകളാണ് കമ്പനി വിതരണം ചെയ്തത്.




പ്രധാൻ മന്ത്രി ഉജ്ജ്വല യോജന (പിഎംയുവൈ) ഗുണഭോക്താക്കൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് 2.80 കോടി കുടുംബങ്ങൾക്ക് 101.07 ലക്ഷം റീഫിൽ സിലിണ്ടറുകളും എത്തിച്ചു. 6,229 വിതരണക്കാരും 52,814 ഡെലിവറി ജീവനക്കാരും ഉൾപ്പെട്ട വിപുലമായ ശൃംഖലയാണ് വിതരണ പ്രവർത്തനങ്ങൾക്ക് കരുത്തായത്. രാജ്യത്തുടനീളം 1,622 എഫ്ടിഎൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും 2,283 പരിശോധനകൾ നടത്തുകയും ചെയ്തതായി കമ്പനി അറിയിച്ചു. ആഗോള വിതരണ വെല്ലുവിളികൾക്കിടയിലും പാചകവാതക ലഭ്യത ഉറപ്പാക്കാൻ സാധിച്ചതായി എച്ച്പിസിഎൽ വ്യക്തമാക്കി.

# സബ്സിഡി സിലിണ്ടറുകളുടെ എണ്ണം വെട്ടിക്കുറച്ച് കേന്ദ്രം

**ന്യൂഡൽഹി:** സബ്സിഡി സിലിണ്ടറുകളുടെ എണ്ണം വെട്ടിക്കുറച്ച് കേന്ദ്രസർക്കാർ. പ്രധാനമന്ത്രി ഉജ്ജ്വൽ യോജന പദ്ധതി പ്രകാരം നൽകുന്ന സിലിണ്ടറുകളുടെ എണ്ണമാണ് വെട്ടിക്കുറച്ചത്. ഒരു വർഷം ഒൻപത് സിലിണ്ടറുകൾ നൽകിയിരുന്നത് നാലായിട്ടാണ് കുറച്ചിരിക്കുന്നത്.

പ്രധാനമന്ത്രി ഉജ്ജ്വൽ യോജന ഗുണഭോക്താക്കൾക്ക് 14.2 കിലോയുടെ സിലിണ്ടറിന് 300 രൂപയുടെ സബ്സിഡിയാണ് നൽകുന്നത്. പശ്ചിമേഷ്യയിലെ നിലവിലെ പ്രശ്നങ്ങളും, ആഗോള വിപണിയിലെ ദ്രവീകൃത പെട്രോളിയം ഗ്യാസ് രംഗത്തെ കുത്തനെയുള്ള വില വർധനവുമാണ്, സബ്സിഡി സിലിണ്ടറുകളുടെ എണ്ണം കുറച്ച നടപടിക്ക് കാരണമെന്നാണ് കേന്ദ്രസർക്കാർ സൂചിപ്പിക്കുന്നത്.

പുതിയ തീരുമാനപ്രകാരം, ജണ്ഡധ ഗുണഭോക്താക്കൾക്ക് ആദ്യത്തെ നാല് റീഫില്ലുകൾക്ക് പ്രതിവർഷം സിലിണ്ടറിന് 642 രൂപയായിരിക്കുമെന്ന് പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയത്തിലെ അഡീഷണൽ സെക്രട്ടറി പ്രവീൺ ഖനൂജ പറഞ്ഞു. ഇത് ഘജഏ യുടെ യഥാർത്ഥ അന്താരാഷ്ട്ര വിലയേക്കാൾ ഏകദേശം 60% കിഴിവാണ്. ജണ്ഡധ അല്ലാത്ത ഉപഭോക്താക്കൾക്ക്, 942 രൂപയാണ് ചില്ലറ വിൽപ്പന വിലയെന്നും ഖനൂജ വ്യക്തമാക്കി.2016 മെയ് മാസത്തിൽ ആരംഭിച്ച ഫ്ലാഗ്ഷിപ്പ് പദ്ധതി പ്രകാരം, ഗുണഭോക്താക്കൾക്ക് തുടക്കത്തിൽ പ്രതിവർഷം 14.2 കിലോഗ്രാം സബ്സിഡിയുള്ള 12 എൽപിജി സിലിണ്ടറുകൾക്ക് അർഹതയുണ്ടായിരുന്നു. കഴിഞ്ഞ വർഷമാണ് ഇത് ഒമ്പത് സിലിണ്ടറുകളായി കുറച്ചത്.

### ആർഎഫ്എസ്എല്ലിന് നേട്ടം

**കൊച്ചി:** ധനകാര്യ സേവന സ്ഥാപനമായ റിച്ച്ഫീൽഡ് ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡിന്റെ (ആർഎഫ്എസ്എൽ) വരുമാനം 5.03 കോടിയിൽനിന്ന് 159.70 ശതമാനം വളർച്ചയോടെ 13.06 കോടിയായി ഉയർന്നു.

ഈ സാമ്പത്തികവർഷത്തെ നാലു പാദങ്ങളിലെ മൊത്തം ലാഭം 35.26 ലക്ഷം രൂപയായി. കമ്പനി കൈകാര്യം ചെയ്യുന്ന ആസ്തികളുടെ ആകെ മൂല്യം 28.35 കോടിയിൽനിന്ന് 171.29 ശതമാനം വളർച്ചയോടെ 76.92 കോടിയായി ഉയർന്നു.



### ടുലൈൻ ഇ-കൊമേഴ്സ് വെബ്സൈറ്റ് ഉദ്ഘാടനം ചെയ്തു

**ഇരിങ്ങാലക്കുട:** പ്രീമിയം സാരി, ഡിസൈനർ മെറ്റീരിയൽ ബ്രാൻഡായ ടുലൈന്റെ ഔദ്യോഗിക ഇ കൊമേഴ്സ് വെബ്സൈറ്റായ tuline.in അവതരിപ്പിച്ചു.

ഇന്ത്യൻ പാരമ്പര്യവും തെരഞ്ഞെടുത്ത തനത് ഡിസൈനുകളും കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനായുള്ള ടുലൈന്റെ പുതിയ ഡിജിറ്റൽ ചുവടുവയ്പാണിത്.

വെബ്സൈറ്റിന്റെ ഔദ്യോഗിക ഉദ്ഘാടനം മാനേജിംഗ് ഡയറക്ടർ ഉമ അനിൽകുമാർ നിർവഹിച്ചു. ടുലൈൻ ഡയറക്ടർ അഡ്വ. കെ.ജി. അനിൽകുമാർ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു.

ലോഞ്ചിനോടനുബന്ധിച്ച് ഗ്രാൻഡ് ഫാഷൻ ഷോയും വിവിധ വിനോദപരിപാടികളും അരങ്ങേറി.




### എസ്ട്രോ ടെക് റോബോട്ടിക്സിന് ഒരു കോടി രൂപയുടെ സീഡ് ഫണ്ടിങ് ലഭിച്ചു

**കൊച്ചി:** എസ്ട്രോ ടെക് റോബോട്ടിക്സിന് ഒരു കോടി രൂപയുടെ സീഡ് ഫണ്ടിങ് ലഭിച്ചു.

എസ്ട്രോ ടെക് റോബോട്ടിക്സ് സ്ഥാപകരായ ക്രിസ്റ്റോ വർഗീസ്, ക്രിസ്റ്റോ കൊള്ളനൂർ, രാഹുൽ വിൻസെന്റ്, ബോൺസ്റ്റോ വിൽസൺ.

റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഓഫ് തിങ്സ് സൊല്യൂഷൻസ് എന്നിവയിൽ പ്രമുഖരായ എസ്ട്രോ ടെക് റോബോട്ടിക്സിന് ഒരു കോടി രൂപയുടെ സീഡ് ഫണ്ടിങ് ലഭിച്ചു. നൂതന റോബോട്ടിക്സിലും സാങ്കേതിക വാണിജ്യവത്കരണത്തിലും ജെൻ റോബോട്ടിക്സിന്റെ വൈദഗ്ധ്യവും എഐഒടി, ഓട്ടോമേഷൻ തുടങ്ങിയവയിലെ എസ്ട്രോ ടെക്കിന്റെ കരുത്തും സംയോജിപ്പിക്കാൻ സഹായിക്കുന്ന സഹകരണത്തിന്റെ തുടക്കമാണ് ഈ നിക്ഷേപം.

നഗരങ്ങളിലെ അടിസ്ഥാന സൗകര്യ വികസന മേഖലയിൽ നിർണായകമായ മാറ്റങ്ങൾ കൊണ്ടുവരാൻ ലക്ഷ്യമിട്ടുള്ള ഈ സഹകരണം, കേരളത്തെ ആഗോള റോബോട്ടിക്സ് ഹബ്ബായി ഉയർത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

2020ൽ കൊരട്ടി ഇൻഫോപാർക്കിൽ പ്രവർത്തനമാരംഭിച്ച എസ്ട്രോ ടെക്, കുറഞ്ഞ കാലയളവിനുള്ളിലാണ് റോബോട്ടിക്സ് മേഖലയിൽ സാന്നിധ്യം അറിയിച്ചത്. എഞ്ചിനീയറിംഗ് ബിരുദധാരികളായ നാല് യുവാക്കളുടെ പരിശ്രമഫലമായാണ് ഈ സംരംഭം ഉയർന്നുവന്നത്.